07
2021
ഒക്ടോബർ
വ്യാഴം
1197
കന്നി 21

NAUTICAL TIMES
KERALA

The National Daily in Malayalam / English

# നോട്ടിക്കൽ ടൈംസ് കേരള

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം | Thiruvananthapuram | web: www. nauticaltimesmedia.com | Volume-3, Issue No. 168 Page 4, | Price: Rs. 2 | പുസ്തകം-3 ലക്കം-168 | പേജ് 4. വില 2.00 രൂപ








02 ഐഡ്രോൺ സംവിധാനത്തിന് കേന്ദ്ര മന്ത്രി മൻസുഖ് മാണ്ഡവ്യ തുടക്കം കുറിച്ചു

03 പ്ലസ് വൺ രണ്ടാം അലോട്ട്മെന്റ് പ്രവേശനം ഒക്ടോബർ ഏഴ് മുതൽ

04 നിലം നികത്തി നടത്തുന്ന നിർമ്മാണ പ്രവർത്തികൾക്കെല്ലാം മുൻകൂർ അനുമതി വാങ്ങണം: മന്ത്രി പി. പ്രസാദ്


# ലഖിംപൂർ സംഘർഷം: സുപ്രീം കോടതി സ്വമേധയാ കേസെടുത്തു

ന്യൂഡൽഹി: ഉത്തർപ്രദേശിലെ ലഖിംപുരിലൂണ്ടായ സംഘർഷത്തിൽ സ്വമേധയാ കേസെടുത്ത് സുപ്രീം കോടതി. ചീഫ് ജസ്റ്റീസ് എൻ.വി. രമണ അധ്യക്ഷനായ ബെഞ്ച് വ്യാഴാഴ്ച കേസ് പരിഗണിക്കും.

അതേസമയം ലഖിംപുരിൽ കൊല്ലപ്പെട്ട കർഷകരുടെ ബന്ധുകളെ കോൺഗ്രസ് നേതാക്കളായ രാഹുൽ ഗാന്ധിയും പ്രിയങ്ക ഗാന്ധിയും സന്ദർശിച്ചു. ഇന്ന് രാത്രി ഒൻപതോടെയാണ് ഇവർ കർഷക കുടുംബങ്ങളെ കണ്ടത്.



പഞ്ചാബ് മുഖ്യമന്ത്രി ചരൺജിത് സിംഗ് ചന്നി, ഛത്തീസ്ഗഡ് മുഖ്യമന്ത്രി ഭൂപേഷ് ഭാഗൽ, കെ.സി. വേണുഗോപാൽ തുടങ്ങിയവരും രാഹിലിനൊപ്പമുണ്ടായിരുന്നു.

വലിയ പ്രതിഷേധങ്ങൾക്കും തർക്കങ്ങൾക്കും ഒടുവിലാണ് രാഹുലിനും സംഘത്തിനും യോഗി സർക്കാർ ലഖിംപൂർ സന്ദർശിക്കാൻ അനുമതി നൽകിയത്. ഞായറാഴ്ച ലഖിംപൂർ സന്ദർശിക്കാനെത്തിയ പ്രിയങ്കയെ യുപി പോലീസ് അറസ്റ്റു ചെയ്തിരുന്നു. ഇന്നാണ് പ്രിയങ്കയെ പോലീസ് വിട്ടയച്ചത്.

# കേന്ദ്രമന്ത്രിയുടെ മകനെതിരെ ഒട്ടേറെ തെളിവുകൾ; അറസ്റ്റ് ഉടൻ വേണമെന്ന് ടികായത്

ന്യൂഡൽഹി: ലഖിംപൂർ ഖേരിയിൽ കർഷകർക്ക് നേരെയുണ്ടായ അക്രമത്തിൽ കേന്ദ്രമന്ത്രി അജയ് കുമാർ മിശ്രയുടെ മകനെ ഒരാഴ്ചയ്ക്കുള്ളിൽ അറസ്റ്റു ചെയ്യണമെന്ന് ഭാരതീയ കിസാൻ യൂണിയൻ നേതാവ് രാകേഷ് ടികായത്. മന്ത്രിയും മകൻ ആശിഷ് മിശ്രയും കുറ്റവാളികളാണെന്നതിന് നിരവധി തെളിവുകളുണ്ടെന്നും അദ്ദേഹം പറഞ്ഞു.

അപകടത്തിൽ ജീവൻ നഷ്ടപെട്ട ഗുർവിന്ദർ സിംഗ് എന്ന കർഷകൻറെ വീട് സന്ദർശിച്ച് സംസാരിക്കുകയായിരുന്നു ടികായത്. ലഖിംപൂർ ഉൾപ്പെടെയുള്ള പ്രദേശത്ത് ഇൻറർനെറ്റ് സൗകര്യങ്ങൾ പുനസ്ഥാപിക്കപ്പെട്ടാൽ കർഷകർക്ക് നേരെയുണ്ടായ അക്രമങ്ങളുടെ ദൃശ്യങ്ങൾ പലതും പുറത്തു വരും.

ഒരാഴ്ചയ്ക്കുള്ളിൽ കുറ്റവാളികളെ പിടികൂടുമെന്നാണ് ജില്ലാ ഭരണകൂടം ഉറപ്പു നൽകിയിട്ടുള്ളത്. കുറ്റവാളികളെ പിടികൂടുന്നതിൽ വീഴ്ച സംഭവിച്ചാൽ മരണമടഞ്ഞ നാലു കർഷകരുടെയും അന്ത്യകർമങ്ങളുടെ വേളയിൽ തുടർനടപടികൾ സ്വീകരിക്കും. അപകടത്തിൽ ജീവൻ നഷ്ടപ്പെട്ട കർഷകരുടെ കുടുംബത്തെ പണം നൽകി സ്വാധീനിക്കുന്നതിനുള്ള ശ്രമങ്ങൾ അധികാരികളുടെ ഭാഗത്തു നിന്നും നടക്കുന്നതായും ടികായത് ആരോപിച്ചു.


## എട്ടാം ക്ലാസുകാരിയെ കൂട്ടബലാത്സംഗം ചെയ്ത കേസ്: പ്രതികൾക്ക് 30 വർഷം തടവ്

പത്തനംതിട്ട: എട്ടാം ക്ലാസുകാരിയെ ലൈംഗീകമായി പീഡിപ്പിച്ച കേസിൽ പ്രതികൾക്ക് 30 വർഷം വീതം തടവ്. പത്തനംതിട്ട പ്രിൻസിപ്പൽ പോക്സോ കോടതിയാണ് ശിക്ഷ വിധിച്ചത്.

2017ലാണ് എട്ടാം ക്ലാസുകാരി കൂട്ടബലാത്സംഗത്തിനിരയായത്. കേസിൽ പായിപ്പാട് സ്വദേശി ബിനീഷ്, മൈലപ്ര സ്വദേശി രഞ്ജിത്ത് എന്നിവർക്കാണ് പത്തനംതിട്ട പ്രിൻസിപ്പൽ പോക്സോ കോടതി ശിക്ഷ വിധിച്ചത്.

# കാർട്ടൂണിസ്റ്റ് യേശുദാസൻ അന്തരിച്ചു

കൊച്ചി: പ്രമുഖ കാർട്ടൂണിസ്റ്റ് യേശുദാസൻ (83) അന്തരിച്ചു. കോവിഡ് ബാധിച്ച് ചികിത്സയിലിരിക്കെ കൊച്ചിയിലായിരുന്നു അന്ത്യം. ആലപ്പുഴ മാവേലിക്കര ഭരണിക്കാവ് സ്വദേശിയാണ്.



കേരള കാർട്ടൂൺ അക്കാദമിയുടെ സ്ഥാപക ചെയർമാനാണ്. കേരളത്തിലെ ആദ്യത്തെ പോക്കറ്റ് കാർട്ടൂണിൻറെ രചയിതാവ്. മലയാള പത്രത്തിലെ ആദ്യത്തെ സ്റ്റാഫ് കാർട്ടൂണിസ്റ്റ് എന്നീ നിലകളിലും അദ്ദേഹം അറിയപ്പെടുന്നു. കേരള ലളിതകലാ അക്കാദമി ഉപാധ്യക്ഷനായിരുന്നു. ശങ്കേഴ്സ് വീക്കിലി, ജനയുഗം, ബാലയുഗം, മലയാള മനോരമ, കട്ട്കട്ട്, അസാധു എന്നിവയിൽ പ്രവർത്തിച്ചു.

യേശുദാസൻ വരച്ച ആദ്യത്തെ കാർട്ടൂൺ അമേരിക്കൻ സ്റ്റേറ്റ് സെക്രട്ടറി ജോൺ ഡള്ളസ് ആറ്റം ബോബുമായി നൃത്തം ചവിട്ടുന്നതായിരുന്നു. 'ചന്തു' എന്ന കാർട്ടൂൺ പരമ്പരയാണ് യേശുദാസൻറെ ആദ്യത്തെ കാർട്ടൂൺ പംക്തി.

ഇന്ത്യൻ കാർട്ടൂണിസ്റ്റുകളുടെ കുലപതിയായ ശങ്കറിനോടൊപ്പം ശങ്കേഴ്സ് വീക്കിലിയിൽ പരിശീലനം നേടിയ കാർട്ടൂണിസ്റ്റുകളിൽ ഒരാളാണ്. 1984ൽ കെ.ജി. ജോർജിൻറെ സംവിധാനത്തിൽ പുറത്തിറങ്ങിയ 'പഞ്ചവടിപ്പാലം' എന്ന ചലച്ചിത്രത്തിന് സംഭാഷണം നിർവഹിച്ചത് യേശുദാസനായിരുന്നു. 1992ൽ എ.ടി. അബു സംവിധാനം ചെയ്ത 'എൻറെ പൊന്നു തമ്പുരാൻ' എന്ന ചിത്രത്തിന് തിരക്കഥയും യേശുദാസൻറേതായിരുന്നു.

# ലഖിംപുരിൽ കർഷക കുടുംബങ്ങളെ കണ്ട് രാഹുലും പ്രിയങ്കയും

ലക്നോ: ഉത്തർപ്രദേശിലെ ലഖിംപുരിൽ കൊല്ലപ്പെട്ട കർഷകരുടെ ബന്ധുകളെ സന്ദർശിച്ച് കോൺഗ്രസ് നേതാക്കളായ രാഹുൽ ഗാന്ധിയും പ്രിയങ്ക ഗാന്ധിയും. ഇന്ന് രാത്രി ഒൻപതോടെയാണ് ഇവർ കർഷക കുടുംബങ്ങളെ കണ്ടത്.

പഞ്ചാബ് മുഖ്യമന്ത്രി ചരൺജിത് സിംഗ് ചന്നി, ഛത്തീസ്ഗഡ് മുഖ്യമന്ത്രി ഭൂപേഷ് ഭാഗൽ, കെ.സി. വേണുഗോപാൽ തുടങ്ങിയവരും രാഹിലിനൊപ്പമുണ്ടായിരുന്നു.

വലിയ പ്രതിഷേധങ്ങൾക്കും തർക്കങ്ങൾക്കും ഒടുവിലാണ് രാഹുലിനും സംഘത്തിനും യോഗി സർക്കാർ ലഖിംപൂർ സന്ദർശിക്കാൻ അനുമതി നൽകിയത്. ഞായറാഴ്ച ലഖിംപൂർ സന്ദർശിക്കാനെത്തിയ പ്രിയങ്കയെ യുപി പോലീസ് അറസ്റ്റു ചെയ്തിരുന്നു. ഇന്നാണ് പ്രിയങ്കയെ പോലീസ് വിട്ടയച്ചത്.

പ്രിയങ്ക ഗാന്ധിയെ 30 മണിക്കൂറോളം കസ്റ്റഡിയിൽ വച്ചശേഷം ചൊവ്വാഴ്ച രാവിലെയാണ് യുപി പോലീസ് അറസ്റ്റ് രേഖപ്പെടുത്തിയത്. ഇതിനെതിരേ ഏറെ വിമർശനവും ഉയർന്നിരുന്നു. ക്രമസമാധാനം തകർക്കാർ ശ്രമിച്ചു എന്നാരോപിച്ചായിരുന്നു അറസ്റ്റ്.

ലഖിംപൂർ സന്ദർശനത്തിനായി ലക്നോ വിമാനത്താവളത്തിലെത്തിയ രാഹുൽ ഗാന്ധിയും പോലീസും തമ്മിലാണ് തർക്കമുണ്ടായത്. ലഖിംപൂർ സന്ദർശിക്കാൻ പോലീസ് വാഹനത്തിൽ പോകണമെന്ന ആവശ്യം രാഹുൽ തള്ളി.

പോലീസ് നിർദേശിക്കുന്ന റൂട്ടു വഴി മാത്രമേ രാഹുലിൻറെ വാഹനം കടത്തി വിടുകയുള്ളുവെന്നാണ് പോലീസ് പറയുന്നത്.

എന്നാൽ താൻ സ്വകാര്യ വാഹനത്തിൽ പൊയ്ക്കൊള്ളാമെന്നും പോലീസുകാരുടെ നിയന്ത്രണത്തിൽ പോകാൻ താൽപര്യമില്ലെന്നും രാഹുലും പറഞ്ഞു.



# ജനപ്രിയ ഗായകൻ വി.കെ. ശശിധരൻ അന്തരിച്ചു

ആലപ്പുഴ: ജനപ്രിയ ഗായകൻ വി.കെ. ശശിധരൻ (83) അന്തരിച്ചു. ചെങ്ങന്നൂരിലെ സ്വകാര്യ ആശുപത്രിയിലായിരുന്നു അന്ത്യം. കോവിഡ് ബാധിതനായിരുന്നു. സാംസ്കാരിക പ്രവർത്തകൻ കൂടിയായ അദ്ദേഹം കേരള ശാസ്ത്രസാഹിത്യ പരിഷത്തിൻറെ മുൻ ജനറൽ സെക്രട്ടറിയായി പ്രവർത്തിച്ചിട്ടുണ്ട്.

ഉച്ചയ്ക്ക് കൊല്ലത്തെ വീട്ടിൽ കോവിഡ് പ്രോട്ടോക്കോൾ പാലിച്ച് മൃതദേഹം സംസ്കരിക്കും. സ്കൂൾ വിദ്യാഭ്യാസ കാലത്ത് ആറു വർഷത്തോളം പ്രമുഖ സംഗീതസംവിധായകരുടെ സഹായിയായിരുന്ന പരമുദാസിൻറെ പക്കൽ നിന്നാണ് കർണാടക സംഗീതത്തിൽ പരിശീലനം നേടിയത്.

1967 ൽ അടൂർ ഗോപാലകൃഷ്ണൻറെ 'കാമുകി' എന്ന ചിത്രത്തിനു വേണ്ടി ഏറ്റുമാനൂർ സോമദാസൻ രചിച്ച നാലു ഗാനങ്ങൾ 'ശിവൻശശി' എന്ന പേരിൽ പി.കെ. ശിവദാസുമൊത്തു ചിട്ടപ്പെടുത്തി. ഇരുവരും ആറ്റിങ്ങൽ ദേശാഭിമാനി തീയറ്റേഴ്സിനു വേണ്ടി നിരവധി നാടകങ്ങളിൽ ഒരുമിച്ച് പ്രവർത്തിച്ചു.

ശാസ്ത്ര സാഹിത്യപരിഷത്ത്, കേരള സാക്ഷരതാ സമിതി, മാനവീയം മിഷൻ, സംഗീത നാടക അക്കാദമി എന്നിവയ്ക്ക് വേണ്ടിയും ഓഡിയോ ആൽബങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇടശേരിയുടെ പൂതപ്പാട്ട്, രവീന്ദ്രനാഥ ടാഗോറിൻറെ ഗീതാഞ്ജലി തുടങ്ങി നിരവധി കവിതകൾക്ക് സംഗീതാവിഷ്ക്കാരം നൽകിയിട്ടുണ്ട്.

# പ്ലസ് വണ്ണിന് എല്ലാവർക്കും സീറ്റ് കിട്ടില്ല: സ്ഥിതി വ്യക്തമാക്കി വിദ്യാഭ്യാസമന്ത്രി

തിരുവനന്തപുരം: ഹയർ സെക്കൻഡറി പ്ലസ് വൺ പ്രവേശനത്തിന് അപേക്ഷിച്ച എല്ലാവർക്കും സീറ്റ് കിട്ടില്ലെന്ന് വിദ്യാഭ്യാസ മന്ത്രി വി. ശിവൻ കുട്ടി. അപേക്ഷിച്ച എല്ലാവർക്കും സീറ്റ് നൽകണമെങ്കിൽ 1,31,996 സീറ്റ് വേണ്ടി വരും. അത്രയും സീറ്റുകളില്ല. എന്നാൽ പോളിടെക്നിക്കിലും വൊക്കഷണൽ ഹയർ സെക്കൻഡറിയിലും ആവശ്യത്തിന് സീറ്റ് ഉണ്ടെന്നും ശിവൻകുട്ടി പറഞ്ഞു.

പ്ലസ് വൺ അലോട്ട്മെൻറ് തീർന്നാൽ സീറ്റ് മിച്ചം വരുമെന്നായിരുന്നു വിദ്യാഭ്യാസമന്ത്രിയുടെനേരെത്തെയുള്ള അവകാശ വാദം എന്നാൽ എല്ലാ വിഷയങ്ങൾക്കും എ പ്ലസ് നേടിയ വിദ്യാർഥികൾക്കു പോലും തങ്ങളുടെ ഇഷ്ട വിഷയത്തിൽ ഉപരിപഠനത്തിനു പ്രവേശനം ലഭിച്ചില്ലെന്ന പരാതിയാണ് ഇപ്പോൾ ഉയരുന്നത്.

പ്രധാന അലോട്ട്മെൻറിലെ രണ്ടാമത്തേതും അവസാനത്തേതുമായ അലോട്ട്മെൻറ് പട്ടിക ഇന്ന് പ്രസിദ്ധീകരിച്ചപ്പോൾ ഇനി മെരിറ്റ് ലിസ്റ്റിൽ പ്രവേശനത്തിനായി ബാക്കിയുള്ളത് 655 സീറ്റുകൾ മാത്രം. മുഴുവൻ വിഷയങ്ങൾക്കും എ പ്ലസ് നേട്ടം ലഭിച്ച വിദ്യാർഥികളുടെ എണ്ണം കഴിഞ്ഞ വർഷത്തേക്കാൾ വൻതോതിൽ ഉയർന്നുവെങ്കിലും അതിനനുസരിച്ച് സീറ്റുകളുടെ എണ്ണത്തിൽ വർധന ഉണ്ടായിട്ടില്ല.

സംസ്ഥാനത്ത് ആകെയുള്ള പ്ലസ് വൺ സീറ്റിൽ 2,70,188 സീറ്റുകളാണ മെരിറ്റ് സീറ്റായുള്ളത്. ഇതിൽ രണ്ടാം ഘട്ട അലോട്ട്മെൻറ് പ്രസിദ്ധീകരിച്ചതോടെ 2,69,533 സീറ്റുകളിലും പ്രവേശനം നടത്തി. ഇനി ബാക്കിയുള്ള മെരിറ്റ് സീറ്റ് 655 എണ്ണം മാത്രം. ആകെയുള്ള സീറ്റിൻറെ 99.76 ശതമാനമാണിത്. ഇക്കുറി പ്ലസ് വൺ പ്രവേശനത്തിനായി ആകെ ലഭിച്ചത് 4,65,219 അപേക്ഷകളാണ്.

രണ്ടാം ഘട്ടം അലോട്ട്മെൻറ് കഴിഞ്ഞപ്പോൾ ഇതിൻറെ പകുതിയോളം പേർക്കാണ് ഇടം ലഭിച്ചത്. കമ്യൂണിറ്റി ക്വാട്ടാ, മാനേജ്മെൻറ് ക്വാട്ട, അൺഎയ്ഡഡ് വിഭാഗങ്ങളിലുള്ള സീറ്റുകളാണ് ഇനി ബാക്കിയുള്ളത്. ഇതിൽ തന്നെ മാനേജ്മെൻറ് ക്വാട്ടയിലും അൺ എയ്ഡഡ് സ്കൂളിലും പ്രവേശനത്തിനായി നിശ്ചിത തുക നല്കേണ്ടതായും വരും.

# വാഗ്ദാനം നടപ്പായില്ല; പൗരത്വശബരിമല പ്രതിഷേധ കേസുകൾ സർക്കാർ പിൻവലിച്ചില്ല

തിരുവനന്തപുരം: ശബരിമല വിഷയത്തിലും പൗരത്വ ഭേദഗതി ബില്ലുമായി ബന്ധപ്പെട്ട പ്രതിഷേധ സമരങ്ങളിലും പോലീസ് രജിസ്റ്റർ കേസുകൾ പിൻവലിക്കുമെന്ന സർക്കാർ വാഗ്ദാനം പാഴ് വാക്കായി. കേസുകൾ പിൻവലിച്ചിട്ടില്ലെന്ന് മുഖ്യമന്ത്രി നിയമസഭയെ രേഖാമൂലം അറിയിച്ചു. പി.ടി.എ.റഹീം എംഎൽഎയുടെ ചോദ്യത്തിനുള്ള മറുപടിയായാണ് മുഖ്യമന്ത്രി ഇക്കാര്യം വ്യക്തമാക്കിയത്.

പോലീസ് രജിസ്റ്റർ ചെയ്ത കേസുകളുടെ സ്വഭാവവും നിലവിലെ സ്ഥിതിയും ക്രൈംബ്രാഞ്ച് പരിശോധിച്ചു വരികയാണെന്നാണ് മുഖ്യമന്ത്രി വിശദീകരിച്ചത്. നിയമസഭാ തെരഞ്ഞെടുപ്പിന് തൊട്ടുമുൻപാണ് ശബരിമലപൗരത്വ നിയമം പ്രതിഷേധ കേസുകളിലെ ഗുരുതര സ്വഭാവമില്ലാത്ത കേസുകൾ പിൻവലിക്കുമെന്ന് എൽഡിഎഫ് സർക്കാർ പ്രഖ്യാപിച്ചത്. പിന്നാലെ ഇത് സംബന്ധിച്ച ഉത്തരവും പുറത്തിറങ്ങിയിരുന്നു.

എന്നാൽ കേസുകളുടെ സ്വഭാവം ഇതുവരെ പരിശോധിച്ച് പൂർത്തിയായിട്ടില്ലെന്നാണ് മുഖ്യമന്ത്രിയുടെ മറുപടിയിൽ നിന്നും വ്യക്തമാകുന്നത്. പൗരത്വ പ്രതിഷേധവുമായി ബന്ധപ്പെട്ട് 836 കേസുകളാണ് സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിരിക്കുന്നത്. ശബരിമല സ്ത്രീപ്രവേശനത്തിനെതിരേ നടന്ന പ്രതിഷേധങ്ങളിൽ 2,636 കേസുകൾ നിലവിലുണ്ട്.

# കൊടകര കുഴൽപ്പണ കേസ്: 1.4 ലക്ഷം രൂപ കൂടി പിടിച്ചെടുത്തു

തൃശൂർ: കൊടകരയിൽ കവർച്ച ചെയ്യപ്പെട്ട മൂന്നരക്കോടി കുഴൽപ്പണത്തിൽ ഒന്നര ലക്ഷത്തോളം രൂപ കൂടി കണ്ടെടുത്തു. കവർച്ചാ കേസിലെ പ്രതി രഞ്ജിത്തിൻറെ സുഹൃത്തിൻറെ ചാലക്കുടിയിലെ വീട്ടിൽ നിന്നാണ് 1,40,000 രൂപ കണ്ടെടുത്തത്. നഷ്ടപ്പെട്ട പണത്തിൽ ഒന്നരക്കോടി രൂപയാണ് ഇതുവരെ കണ്ടെടുത്തത്.

കേസിൽ അന്വേഷണം പുരോഗമിക്കുകയാണ്. പ്രതികളുടെ ചോദ്യം ചെയ്യൽ വീണ്ടും തുടങ്ങി. പ്രതി ബാബു, അയാളുടെ ഭാര്യ എന്നിവരെ കഴിഞ്ഞ ദിവസം പോലീസ് സംഘം ചോദ്യം ചെയ്തിരുന്നു.

കവർച്ചാ പണത്തിലെ ഇനി കണ്ടെത്താനുള്ള രണ്ട് കോടി രൂപ കണ്ടെത്തുകയാണ് അന്വേഷണ സംഘത്തിൻറെ ലക്ഷ്യം. കവർച്ച ചെയ്യപ്പെട്ട മൂന്നര കോടി രൂപ ബിജെപിയുടെ തെരഞ്ഞെടുപ്പ് ഫണ്ടാണെന്നാണ് അന്വേഷണത്തിലെ കണ്ടെത്തൽ.

# ഇനി യൂണിഫോം അണിയേണ്ട; പരസ്യവിചാരണ നടത്തിയ പിങ്ക് പോലീസുകാരിക്കെതിരെ നടപടി

തിരുവനന്തപുരം: ആറ്റിങ്ങലിൽ പിതാവിനെയും മകളെയും മോഷ്ടാക്കൾ എന്ന് മുദ്രകുത്തി പിങ്ക് പോലീസ് പരസ്യ വിചാരണ നടത്തിയ സംഭവത്തിൽ കർശന നടപടി നിർദേശിച്ച് എസ്സി എസ്ടി കമ്മീഷൻ.

ഉദ്യോഗസ്ഥയെ യൂണിഫോം അണിഞ്ഞുള്ള ജോലികളിൽ നിന്നും ഒഴിവാക്കണം. സമഗ്ര അന്വേഷണം വേണമെന്നും കമ്മീഷൻ നിർദേശിച്ചു. മോഷണക്കുറ്റം ആരോപിച്ച് പരസ്യ വിചാരണ ചെയ്തതിനാണ് നടപടി.

കുട്ടിയുടെ അച്ഛൻ ജയചന്ദ്രൻറെ പരാതിയിലാണ് നടപടി. സംഭവത്തിൽ കുറ്റക്കാരിയായ പോലീസുകാരിക്ക് നല്ല നടപ്പാണ് ശിക്ഷയായി ലഭിച്ചത്. ഇതിനെതിരേ സമൂഹത്തിൻറെ വിവിധ കോണുകളിൽ നിന്നും രൂക്ഷമായ വിമർശനം ഉയർന്നിരുന്നു.



വോട്ടർ പട്ടിക പുതുക്കലും ആയി ബന്ധപ്പെട്ട രാഷ്ട്രീയ പാർട്ടി പ്രതിനിധികളുടെ യോഗം തിരഞ്ഞെടുപ്പ് ഡെപ്യൂട്ടി കലക്ടർ പി. ആർ. ഗോപാലകൃഷ്ണന്റെ അധ്യക്ഷതയിൽ ചേരുന്നു

# ഐഡ്രോൺ സംവിധാനത്തിന് കേന്ദ്ര മന്ത്രി മൻസുഖ് മാണ്ഡവ്യ തുടക്കം കുറിച്ചു

ന്യൂഡൽഹി , ആരോഗ്യമേഖലയിൽ 'അന്ത്യോദയ' എന്ന ആശയത്തോടുള്ള കേന്ദ്രസർക്കാരിന്റെ പ്രതിബദ്ധത പ്രതിഫലിപ്പിക്കുന്ന ഒരു സുപ്രധാന പരിപാടിയിൽ , രാജ്യത്തെ അവസാനത്തെ പൗരനും ആരോഗ്യ പരിരക്ഷ ലഭ്യമാക്കുക ലക്ഷ്യമിട്ട് , ഐസിഎംആറിന്റെ ഊീില ഞലഉീിലെ മിറ ഛൗ്യേലമരവ ശി ചീൃവേ ഋമ െ (ശഉൃീില) സംരംഭത്തിന് കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രി ശ്രീ മൻസുഖ് മാണ്ഡവ്യ തുടക്കം കുറിച്ചു. ജീവൻ രക്ഷാ വാക്സിനുകൾ എല്ലാ പൗരന്മാർക്കും എത്തുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനുള്ള ഒരു സവിശേഷ വിതരണ സംവിധാനമാണിത്. പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദിയുടെ ദാർശനിക നേതൃത്വത്തിന് നന്ദി അറിയിച്ചുകൊണ്ട് കേന്ദ്ര ആരോഗ്യ മന്ത്രി പറഞ്ഞു, ”അദ്ദേഹത്തിന്റെ നേതൃത്വത്തിൽ രാജ്യം വളരെ വേഗം പുരോഗമിക്കുകയാണ്. സാങ്കേതികവിദ്യ ജീവിതം എങ്ങനെ സുഗമമാക്കുന്നുവെന്നും സാമൂഹിക പരിവർത്തനം സാധ്യമാക്കുന്നുവെന്നും കാണിച്ചുതന്ന ചരിത്ര ദിനമാണ് ഇന്ന്. ഈ നൂതന നടപടിയിൽ രാജ്യത്തെ ജനങ്ങളെ അഭിനന്ദിച്ചുകൊണ്ട് ശ്രീ മൻസുഖ് മാണ്ഡവ്യ പറഞ്ഞു, ദക്ഷിണേഷ്യയിൽ ഇതാദ്യമായാണ് കോവിഡ് വാക്സിൻ എത്തിക്കാൻ 'മെയ് ക്ക് ഇൻ ഇന്ത്യ' ഡ്രോൺ ഉപയോഗിക്കുന്നത്. മണിപ്പൂരിലെ ബിഷ്ണുപുർ ജില്ലാ ആശുപത്രിയിൽ നിന്ന് ലോക്തക് തടാകത്തിലെ കരംഗ് ദ്വീപിലെ പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ, 15 കിലോമീറ്റർ വ്യോമദൂരം 12-15 മിനിറ്റിനുള്ളിൽ താണ്ടിയാണ് ഡ്രോൺ കോവിഡ് വാക്സിൻ എത്തിച്ചത് .ഈ സ്ഥലങ്ങൾ തമ്മിലുള്ള കരമാർഗ്ഗമുള്ള ദൂരം 26 കിലോമീറ്ററാണ്. ഇന്ന്, 10 ഗുണഭോക്താക്കൾക്ക് ആദ്യ ഡോസും 8 പേർക്ക് രണ്ടാമത്തെ ഡോസും ഈ പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ നിന്നും ലഭിക്കും.

”ഭൂമിശാസ്ത്രപരമായ വൈവിധ്യങ്ങളുടെ കേന്ദ്രമാണ് ഇന്ത്യ. വിദൂര പ്രദേശങ്ങളിൽ അവശ്യവസ്തുക്കൾ എത്തിക്കാൻ ഡ്രോണുകൾ ഉപയോഗിക്കാം. പ്രധാനപ്പെട്ട ജീവൻ രക്ഷാ മരുന്നുകൾ എത്തിക്കുന്നതിനും രക്ത സാമ്പിളുകൾ ശേഖരിക്കുന്നതിനും നമുക്ക് ഡ്രോണുകൾ ഉപയോഗിക്കാം. നിർണായക സാഹചര്യങ്ങളിൽ ഈ സാങ്കേതികവിദ്യ പ്രയോജനപ്പെടുത്താം'.ഇന്ത്യയിലെ പ്രയാസമേറിയതും എത്തിച്ചേരാനാകാത്തതുമായ ഭൂപ്രദേശങ്ങളിൽ വാക്സിൻ വിതരണം സുഗമമാക്കുന്ന ഈ സംരംഭത്തിന് തുടക്കം കുറിച്ചുകൊണ്ട് കേന്ദ്ര ആരോഗ്യ മന്ത്രി പറഞ്ഞു. രാജ്യത്തെ ”കോവിഡ് 19 പ്രതിരോധ കുത്തിവയ്പ്പ് യജ്ഞം സകല പ്രതീക്ഷകളെയും മറികടന്ന് മുന്നേറുകയാണ്. സാധ്യമായ ഏറ്റവും ഉയർന്ന എണ്ണത്തിൽ പ്രതിരോധ കുത്തിവയ്പ്പ് നടത്താൻ ഈ സംരംഭം കൂടുതൽ സഹായകമാകുമെന്ന് ഞാൻ ശക്തമായി വിശ്വസിക്കുന്നു. ദേശീയ പദ്ധതികളിൽ ഇത്തരം ഡ്രോൺ സാങ്കേതികവിദ്യകൾ പ്രയോജനപ്പെടുത്തുന്നത് കഴിയുന്നത്ര വേഗത്തിൽ മറ്റ് വാക്സിനുകളും മെഡിക്കൽ സാമഗ്രികളും എത്തിക്കാനും സഹായകമാകും. അദ്ദേഹം കൂട്ടിച്ചേർത്തു. സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശങ്ങളിലും ഫലപ്രദവും സുരക്ഷിതവുമായ വാക്സിൻ വിതരണം പുരോഗമിക്കുമ്പോഴും, ഇന്ത്യയിലെ പ്രയാസമേറിയതും എത്തിച്ചേരാനാകാത്തതുമായ ഭൂപ്രദേശങ്ങളിൽ വാക്സിൻ വിതരണം ചെയ്യുകയെന്നത് ഇപ്പോഴും ഒരു വെല്ലുവിളിയാണ്. ഈ വെല്ലുവിളികളെ മറികടന്ന് വിദൂര പ്രദേശങ്ങളിലേക്ക് ആളില്ലാ വിമാനങ്ങൾ (ഡഅഢ) / ഡ്രോണുകൾ വിന്യസിക്കാൻ കഴിയും വിധമാണ് ഐഡ്രോൺ രൂപകൽപ്പന ചെയ്തിരിക്കുന്നത്. ഡ്രോൺ അധിഷ്ഠിത വിതരണ പദ്ധതിക്ക് മണിപ്പൂരിലും നാഗാലാൻഡിലും കേന്ദ്രഭരണ പ്രദേശമായ ആൻഡമാൻ നിക്കോബാർ ദ്വീപിലും നിലവിൽ അനുമതി നൽകിയിട്ടുണ്ട്.

# സ്വാതന്ത്ര്യം@75 പുതിയ നഗര ഇന്ത്യ: നഗര ഭൂപ്രകൃതി മാറുന്നു: സമ്മേളനം പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്തു

ന്യൂഡൽഹി, 'സ്വാതന്ത്ര്യം@75പുതിയ നഗര ഇന്ത്യ: നഗര ഭൂപ്രകൃതി മാറുന്നു' സമ്മേളനവും മേളയും പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദി ലക്നൗവിൽ ഇന്ന്ഉദ്ഘാടനം ചെയ്തു. കേന്ദ്ര മന്ത്രിമാരായ ശ്രീ രാജ്നാഥ് സിംഗ്, ശ്രീ ഹർദീപ് പുരി, ശ്രീ മഹേന്ദ്ര നാഥ് പാണ്ഡെ, ശ്രീ കൗശൽ കിഷോർ ഉത്തർപ്രദേശ് ഗവർണർ ശ്രീമതി ആനന്ദിബെൻ പട്ടേൽ, ഉത്തർപ്രദേശ് മുഖ്യമന്ത്രി യോഗി ആദിത്യനാഥ് എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

പ്രധാനമന്ത്രി ആവാസ് യോജന അർബൻ (പിഎംഎവൈയു) വീടുകളുടെ താക്കോൽ ഉത്തർപ്രദേശിലെ 75 ജില്ലകളിലെ 75,000 ഗുണഭോക്താക്കൾക്ക് പ്രധാനമന്ത്രി ഡിജിറ്റലായി നൽകി. കൂടാതെ ഉത്തർപ്രദേശിലെ പദ്ധതിയുടെ ഗുണഭോക്താക്കളുമായി ആശയവിനിമയം നടത്തുകയും ചെയ്തു. ഉത്തർപ്രദേശിലെ സ്മാർട്ട് സിറ്റി ദൗത്യം, അമൃത് എന്നിവയുടെ കീഴിൽ 75 നഗര വികസന പദ്ധതികളുടെ ശിലാസ്ഥാപനം അദ്ദേഹം ഉദ്ഘാടനം ചെയ്തു. ലക്നൗ, കാൺപൂർ, വാരാണസി, പ്രയാഗ്രാജ്, ഗോരഖ്പൂർ, ഝാൻസി, ഘാസിയാബാദ് എന്നിവയുൾപ്പെടെ ഏഴ് നഗരങ്ങൾക്കായി ഫെയിംകക പ്രകാരം 75 ബസുകൾ ഫ്ളാഗ് ഓഫ് ചെയ്തു; കേന്ദ്ര ഗവൺമെന്റിന്റെ ഭവന, നഗരകാര്യ മന്ത്രാലയത്തിന്റെ വിവിധ മുൻനിര ദൗത്യങ്ങൾക്ക് കീഴിൽ നടപ്പാക്കിയ 75 പദ്ധതികൾ ഉൾക്കൊള്ളുന്ന ഒരു കോഫി ടേബിൾ ബുക്ക് പ്രധാനമന്ത്രി പ്രകാശനം ചെയ്തു. ലക്നൗവിലെ ബാബാസാഹേബ് ഭീംറാവു അംബേദ്കർ സർവകലാശാലയിൽ (ബിബിഎയു) ശ്രീ അടൽ ബിഹാരി വാജ്പേയി ചെയർ സ്ഥാപിക്കുന്നതായും പ്രധാനമന്ത്രി പ്രഖ്യാപിച്ചു.

പ്രധാനമന്ത്രി ആവാസിനൊപ്പം ഗ്യാസ് സിലിണ്ടർ, ശുചിമുറി, വൈദ്യുതി, ജല കണക്ഷൻ, റേഷൻ കാർഡ് മുതലായ മറ്റ് പദ്ധതികൾ പ്രയോജനപ്പെടുത്തിയെന്ന് ആഗ്രയിലെ ശ്രീമതി വിംലേഷുമായി സംവദിക്കുമ്പോൾ, ഗുണഭോക്താവ് പ്രധാനമന്ത്രിയെ അറിയിച്ചു. ഗവൺമെന്റ് പദ്ധതികൾ, അവരുടെ കുട്ടികളെ, പ്രത്യേകിച്ച് അവരുടെ പെൺമക്കളെ പഠിപ്പിക്കുന്നതിനു പ്രയോജനപ്പെടുത്തണമെന്ന് പ്രധാനമന്ത്രി നിർദേശിച്ചു. സ്വാമിത്വ യോജനയിൽ നിന്ന് ആനുകൂല്യങ്ങൾ ലഭിച്ചോ എന്നാണ് പാൽ വിൽപന നടത്തുന്ന കാൺപൂരിലെ രാം ജങ്കി ജിയുമായി സംവദിച്ചുകൊണ്ട് പ്രധാനമന്ത്രി ചോദിച്ചത്. പതിനായിരം രൂപ വായ്പ ലഭിച്ചുവെന്നും അത് കച്ചവടത്തിൽ നിക്ഷേപിച്ചതായും അവർ അറിയിച്ചു. ബിസിനസ്സിലെ ഡിജിറ്റൽ ഇടപാടുകൾ വർദ്ധിപ്പിക്കാൻ പ്രധാനമന്ത്രി ആവശ്യപ്പെട്ടു.

ലളിത്പൂരിലെ പ്രധാനമന്ത്രി ആവാസ് യോജന ഗുണഭോക്താവ് ശ്രീമതി ബബിതയുടെ ഉപജീവനമാർഗത്തെക്കുറിച്ചും പദ്ധതിയിലെ അനുഭവത്തെക്കുറിച്ചും പ്രധാനമന്ത്രി ചോദിച്ചു. ജൻധൻ അക്കൗണ്ട് നേരിട്ട് ഗുണഭോക്താക്കൾക്ക് പണം കൈമാറാൻ സഹായിച്ചതായി അദ്ദേഹം പറഞ്ഞു. സാങ്കേതികവിദ്യയാണ് ഏറ്റവും കൂടുതൽ ദരിദ്രരെ സഹായിക്കുന്നത്, അദ്ദേഹം പറഞ്ഞു. സ്വാമിത്വ യോജനയുടെ ആനുകൂല്യങ്ങൾ പ്രയോജനപ്പെടുത്താൻ അദ്ദേഹം അവരോട് ആവശ്യപ്പെട്ടു. ഗുണഭോക്താക്കളുമായി വളരെ ശാന്തമായും എന്നാൽ ചടുലവും രസകരവുമായാണ് പ്രധാനമന്ത്രി സംവദിച്ചത്. തികച്ചും അനൗപചാരികവും സ്വതസിദ്ധവുമായ രീതിയിലായിരുന്നു അദ്ദേഹത്തിന്റെ ഇടപെടൽ.

എല്ലാ സ്വത്തുക്കളും വീട്ടിലെ പുരുഷന്മാരുടെ പേരിലുള്ള സാഹചര്യത്തിന് ചില തിരുത്തലുകൾ ആവശ്യമാണെന്നും പ്രധാനമന്ത്രി ആവാസ് യോജനയുടെ കീഴിലുള്ള 80 ശതമാനത്തിലധികം വീടുകളും രജിസ്റ്റർ ചെയ്യുന്നത് സ്ത്രീകളുടെ പേരിലാണെന്നും സമ്മേളനത്തെ അഭിസംബോധന ചെയ്യവെ പ്രധാനമന്ത്രി പറഞ്ഞു. സ്ത്രീകളുടെ പേരിലോ അവർ സംയുക്ത ഉടമകളായിട്ടോ ആണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്.

അടൽ ബിഹാരി വാജ്പേയിയെപ്പോലെ ഒരു ദേശീയ ദാർശനികനെ ഭാരതമാതാവിനു സമർപ്പിച്ചതിന് പ്രധാനമന്ത്രി ലഖ്നൗവിനെ അഭിനന്ദിച്ചു. 'ഇന്ന്, അദ്ദേഹത്തിന്റെ സ്മരണയ്ക്കായി, അടൽ ബിഹാരി വാജ്പേയി ചെയർ ബാബാസാഹേബ് ഭീംറാവു അംബേദ്കർ സർവകലാശാലയിൽ സ്ഥാപിക്കുകയാണ്,' അദ്ദേഹം പ്രഖ്യാപിച്ചു.

പിഎം ആവാസ് യോജന പ്രകാരം നിർമ്മിച്ച വീടുകളുടെ എണ്ണത്തിൽ മുമ്പത്തേക്കാൾ വൻ വർദ്ധനവ് ഉള്ളത് പ്രധാനമന്ത്രി ഊന്നിപ്പറഞ്ഞു. നഗരങ്ങളിൽ 1.13 കോടിയിലധികം പാർപ്പിട യൂണിറ്റുകൾ നിർമ്മിച്ചിട്ടുണ്ടെന്നും ഇതിൽ 50 ലക്ഷത്തിലധികം വീടുകൾ പാവപ്പെട്ടവർക്ക് കൈമാറിയതായും അദ്ദേഹം അറിയിച്ചു. ചേരികളിൽ താമസിക്കുന്നവരും ഉറപ്പുള്ള വീടുകൾ ഇല്ലാത്തവരുമാ മൂന്ന് കോടി കുടുംബങ്ങൾക്ക് കോടീശ്വരന്മാരാകാനുള്ള അവസരം ലഭിച്ചതായി പ്രധാനമന്ത്രി പറഞ്ഞു. പ്രധാനമന്ത്രി ആവാസ് യോജന പ്രകാരം രാജ്യത്ത് ഏകദേശം 3 കോടി വീടുകൾ നിർമ്മിച്ചിട്ടുണ്ട്, അവയുടെ വില നിങ്ങൾക്ക് ഊഹിക്കാവുന്നതാണ്. ഈ ആളുകൾ ലക്ഷപ്രഭുക്കളായി മാറിയിരിക്കുന്നു, ”. ശ്രീ മോദി പറഞ്ഞു. യുപിയിലെ ഇപ്പോഴത്തെ ഭവന വിതരണത്തിന് മുമ്പ്, 18000 ൽ അധികം വീടുകൾക്ക് അംഗീകാരം ലഭിച്ചെങ്കിലും 18 വീടുകൾ പോലും നിർമ്മിക്കപ്പെട്ടിട്ടില്ല. പദ്ധതികൾ നടപ്പാക്കുന്നതു മുൻ ഗവൺമെന്റുകൾ നീട്ടിക്കൊണ്ടുപോയതായി പ്രധാനമന്ത്രി ചൂണ്ടിക്കാട്ടി. യോഗി ആദിത്യനാഥിന്റെ കീഴിലുള്ള നിലവിലെ ഗവൺമെന്റ് അധികാരമേറ്റതിനുശേഷം, 9 ലക്ഷത്തിലധികം ഭവന യൂണിറ്റുകൾ നഗരത്തിലെ പാവപ്പെട്ടവർക്ക് കൈമാറിയതായും 14 ലക്ഷം യൂണിറ്റുകൾ വിവിധ ഘട്ടങ്ങളിലായി നിർമാണത്തിലാണെന്നും അദ്ദേഹം അറിയിച്ചു. ഈ വീടുകളിൽ ആധുനിക സൗകര്യങ്ങൾ സജ്ജീകരിച്ചിരിക്കുന്നു.

നഗര മധ്യവർഗത്തിന്റെ പ്രശ്നങ്ങളും വെല്ലുവിളികളും മറികടക്കാൻ ഗവൺമെന്റ് വളരെ ഗൗരവമേറിയ ശ്രമങ്ങൾ നടത്തിയിട്ടുണ്ടെന്ന് പ്രധാനമന്ത്രി ഊന്നിപ്പറഞ്ഞു. റിയൽ എസ്റ്റേറ്റ് റെഗുലേറ്ററി അതോറിറ്റി (റെറ) നിയമം അത്തരമൊരു പ്രധാന നടപടിയാണ്. ഈ നിയമം മുഴുവൻ ഭവന മേഖലയെയും അവിശ്വാസത്തിൽ നിന്നും വഞ്ചനയിൽ നിന്നും പുറത്തെത്താൻ സഹായിക്കുകയും എല്ലാ പങ്കാളികളെയും സഹായിക്കുകയും ശാക്തീകരിക്കുകയും ചെയ്തു.

എൽഇഡി തെരുവുവിളക്കുകൾ സ്ഥാപിക്കുന്നതിലൂടെ ഓരോ വർഷവും ഏകദേശം 1000 കോടി രൂപ നഗരസഭകൾ ലാഭിക്കുന്നുണ്ടെന്ന് പ്രധാനമന്ത്രി പറഞ്ഞു. ഇപ്പോൾ ഈ തുക മറ്റ് വികസന പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കുന്നുണ്ടെന്ന് അദ്ദേഹം അറിയിച്ചു. നഗരത്തിൽ താമസിക്കുന്ന ആളുകളുടെ വൈദ്യുതി ബില്ലും എൽഇഡി വളരെയധികം കുറച്ചതായി അദ്ദേഹം കൂട്ടിച്ചേർത്തു.

കഴിഞ്ഞ 67 വർഷങ്ങളിൽ സാങ്കേതികവിദ്യ മൂലം നഗരമേഖലയിൽ വലിയ മാറ്റമുണ്ടായതായി പ്രധാനമന്ത്രി പറഞ്ഞു. ഇന്ന് രാജ്യത്തെ 70 ലധികം നഗരങ്ങളിൽ പ്രവർത്തിക്കുന്ന സംയോജിത കമാൻഡ് ആൻഡ് കൺട്രോൾ സെന്ററുകളുടെ അടിസ്ഥാനം സാങ്കേതികവിദ്യയാണ്. 'ഇന്ന്, നമ്മൾ പറയേണ്ടത് 'പെഹ്ലെ ആപ്' അഥവാ 'താങ്കൾ ആദ്യം എന്നതിന് പകരം സാങ്കേതിക വിദ്യ ആദ്യം ”, എന്നാണെന്ന് സംസ്കാരത്തിന് പേരുകേട്ട നഗരത്തിൽ വച്ചു പ്രധാനമന്ത്രി തമാശ രൂപേണ പറഞ്ഞു.

പ്രധാനമന്ത്രി സ്വാനിധി യോജന പ്രകാരം തെരുവ് കച്ചവടക്കാർ ബാങ്കുകളുമായി ബന്ധപ്പെട്ടിരിക്കുന്നുവെന്ന് പ്രധാനമന്ത്രി പറഞ്ഞു. ഈ പദ്ധതിയിലൂടെ 2500 കോടിയിലധികം ഗുണഭോക്താക്കൾക്ക് 2500 കോടിയിലധികം രൂപയുടെ സഹായം നൽകിയിട്ടുണ്ട്. ഇതിൽ യുപിയിലെ 7 ലക്ഷത്തിലധികം ഗുണഭോക്താക്കൾ സ്വാനിധി യോജന പ്രയോജനപ്പെടുത്തി. ഡിജിറ്റൽ ഇടപാടുകൾ പ്രോത്സാഹിപ്പിക്കുന്നതിന്റെ പേരിൽ അദ്ദേഹം വസ്തു കച്ചവടക്കാരെ അഭിനന്ദിച്ചു. ഇന്ത്യയിലെ പ്രധാന നഗരങ്ങളിലേക്ക് രാജ്യം അതിവേഗം മെട്രോ സർവീസുകൾ വ്യാപിപ്പിക്കുകയാണെന്ന് പ്രധാനമന്ത്രി പറഞ്ഞു. 2014 ൽ മെട്രോ സർവീസ് 250 കിലോമീറ്ററിൽ താഴെയായിരുന്നു. ഇന്ന് അത് ഏകദേശം 750 കിലോമീറ്റർ വ്യാപ്തിയിലായി. രാജ്യത്ത് ഇപ്പോൾ 1000 കിലോമീറ്ററിലധികം മെട്രോ പാതകളുടെ നിർമാണം നടക്കുന്നുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

# യുവ ശാസ്ത്രകാരന്മാർക്കുള്ള അവാർഡുകൾ കേന്ദ്ര പ്രതിരോധ മന്ത്രി സമ്മാനിച്ചു

ന്യൂഡൽഹി , പ്രതിരോധ മന്ത്രി ശ്രീ രാജ്നാഥ് സിംഗ് 2021 ഒക്ടോബർ 04 ന് ന്യൂഡൽഹിയിൽ നടന്ന പ്രതിരോധ ഗവേഷണ വികസന സംഘടനയുടെ 'ഡെയർ ടു ഡ്രീം 2.0 ' വിജയികളെ ആദരിച്ചു. വ്യക്തിഗത വിഭാഗത്തിൽ 22 പേർക്കും സംരംഭക വിഭാഗത്തിൽ 18 പേർക്കും ഉൾപ്പെടെ 40 വിജയികൾക്ക് അദ്ദേഹം

പുരസ്കാരം നൽകി. രാജ്യത്തെ യുവ പ്രതിഭകളെയും സ്റ്റാർട്ടപ്പുകളെയും പ്രോത്സാഹിപ്പിക്കുന്നതിന് 'ഡെയർ ടു ഡ്രീം 3.0' അദ്ദേഹം ഉദ്ഘാടനം ചെയ്തു.

ഉയർന്നുവരുന്ന പ്രതിരോധ, ബഹിരാകാശ സാങ്കേതികവിദ്യകൾ/സംവിധാനങ്ങൾ വികസിപ്പിക്കുന്നതിനായി ഇന്ത്യൻ അക്കാദമിക് വിദഗ്ധരെയും വ്യക്തികളെയും സ്റ്റാർട്ടപ്പുകളെയും പ്രോത്സാഹിപ്പിക്കുന്നതിനുള്ള ഡിആർഡിഒയുടെ അഖിലേന്ത്യ മത്സരമാണ് ഡെയർ ടു ഡ്രീം. വിജയികൾക്ക് അവരുടെ ആശയങ്ങൾ സാക്ഷാത്കരിക്കുന്നതിന് ടെക്നോളജി ഡെവലപ്മെന്റ് ഫണ്ട് (ടിഡിഎഫ്) പദ്ധതിക്ക് കീഴിൽ സാങ്കേതികവും സാമ്പത്തികവുമായ പിന്തുണ ഡിആർഡിഒ നൽകുന്നു.

ശ്രീ രാജ്നാഥ് സിംഗ് 2019 ലെ ഡിആർഡിഒയുടെ യുവ ശാസ്ത്രജ്ഞർക്ക് ഉള്ള പുരസ്കാരങ്ങളും നൽകി. 35 വയസ്സിന് താഴെയുള്ള പതിനാറ് ഡിആർഡിഒ ശാസ്ത്രജ്ഞർക്ക് അവരുടെ വൈദഗ്ധ്യ മേഖലകളിൽ മികച്ച സംഭാവന നൽകിയതിന് അവാർഡ് നൽകി.

പുതിയ എന്തെങ്കിലും സൃഷ്ടിക്കാനുള്ള രാജ്യത്തെ യുവാക്കളുടെ ഊർജ്ജവും ഉത്സാഹവും പ്രതിബദ്ധതയും അവർ പ്രതിഫലിപ്പിക്കുന്നതായി ഡെയർ ടു ഡ്രീം', 'ഡിആർഡിഒ യംഗ് സയന്റിസ്റ്റ്സ്' അവാർഡ് ജേതാക്കളെ അഭിനന്ദിച്ചുകൊണ്ട് ശ്രീ രാജ്നാഥ് സിംഗ് പറഞ്ഞു. നൂതനാശയം, രൂപകൽപന, വികസനം എന്നീ മേഖലകളിലെ വിജയികൾ യുവമനസ്സുകൾക്ക് പ്രചോദനമാകുമെന്നും ഭാവിയിൽ വഴിത്തിരിവാകുന്ന കണ്ടുപിടുത്തങ്ങൾ നടത്തുമെന്നും അദ്ദേഹം ആത്മവിശ്വാസം പ്രകടിപ്പിച്ചു. 'ഡെയർ ടു ഡ്രീം' ചലഞ്ച്, ഡിആർഡിഒയുടെയും ഗവൺമെന്റിന്റെയും വീക്ഷണവും ദർശനവും പ്രതിനിധീകരിക്കുന്നു.

ശക്തവും സ്വാശ്രയവുമായ 'പുതിയ ഇന്ത്യ' നിർമ്മിക്കാനുള്ള ഗവൺമെന്റിന്റെ ലക്ഷ്യം പ്രതിരോധ മന്ത്രി ആവർത്തിച്ചു പറഞ്ഞു, ഇത് ഒരു സഹകരണ പരിശ്രമത്തിലൂടെ മാത്രമേ നേടാനാകൂ. ഒരു വ്യക്തിയുടേയോ സമൂഹത്തിന്റേയോ രാഷ്ട്രത്തിന്റേയും വിജയം കൈവരിക്കാനുള്ള താക്കോൽ 'ആഗ്രഹം' മാത്രമല്ല 'പരിശ്രമ'മാണെന്നും അദ്ദേഹം വിശേഷിപ്പിച്ചു. പൈതൃക സംസ്കാരമുള്ള രാജ്യങ്ങളിലൊന്നാണ് ഇന്ത്യയെന്നും ജനസംഖ്യയുടെ 60 ശതമാനത്തോളം യുവാക്കളാണെന്നും അദ്ദേഹം പറഞ്ഞു.

നിരീക്ഷിക്കാനും പഠിക്കാനും പുതിയ കണ്ടുപിടുത്തങ്ങൾ നടത്താനും അതുവഴി രാജ്യത്തെ കൂടുതൽ ഉയരങ്ങളിലേക്ക് നയിക്കുന്നതിൽ പങ്ക് വഹിക്കാനും അദ്ദേഹം യുവാക്കളെ പ്രോത്സാഹിപ്പിച്ചു.

ആഗോള സുരക്ഷാ ആശങ്കകൾ, അതിർത്തി തർക്കങ്ങൾ, സമുദ്ര മേഖലയിലെ പ്രശ്നങ്ങൾ എന്നിവ സൈനിക നവീകരണത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കാൻ ലോകത്തെ പ്രേരിപ്പിച്ചുവെന്ന് ചൂണ്ടിക്കാട്ടിയ ശ്രീ രാജ്നാഥ് സിംഗ്, സായുധ സേനയെ നവീകരിക്കാനും ഏത് വെല്ലുവിളിയും നേരിടാൻ ഏറ്റവും പുതിയ യന്ത്രസാമഗ്രികൾ സജ്ജമാക്കാനുമുള്ള കേന്ദ്ര ഗവൺമെന്റിന്റെ പ്രതിബദ്ധത ആവർത്തിച്ചു വ്യക്തമാക്കി . യുവാക്കളുടെ ശക്തി രാജ്യത്തിന്റെ പ്രതീക്ഷയാണെന്നും 'ആത്മനിർഭർ ഭാരത്' എന്ന ലക്ഷ്യം കൈവരിക്കുന്നതിന് യുവാക്കൾ ഗവൺമെന്റിനെ സഹായിക്കണമെന്ന് അദ്ദേഹം ആഹ്വാനം ചെയ്തു.

തദ്ദേശീയമായി പുതിയ സാങ്കേതികവിദ്യകൾ വികസിപ്പിക്കേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്. 'ആത്മനിർഭർ ഭാരത്' എന്ന കാഴ്ചപ്പാട് നൂതന സാങ്കേതികവിദ്യകൾ ആഭ്യന്തരമായി വികസിപ്പിച്ചെടുക്കുന്നുവെന്ന് ഉറപ്പാക്കുന്നു. ദേശീയ സുരക്ഷ ശക്തിപ്പെടുത്തുന്നതിന് മാത്രമല്ല, രാജ്യത്തിന്റെ മൊത്തത്തിലുള്ള വികസനം ഉറപ്പാക്കാനും ഇത് വളരെ പ്രധാനമാണ്, എന്നും പ്രതിരോധ മന്ത്രി പറഞ്ഞു.

'ആത്മനിർഭർ ഭാരത്' കൈവരിക്കുന്നതിൽ സ്വകാര്യമേഖലയുടെ പങ്കാളിത്തം നിർണായകമാണെന്ന് ശ്രീ രാജ്നാഥ് സിംഗ് പ്രസ്താവിച്ചു. പ്രതിരോധ മേഖലയിലെ സ്വകാര്യ വ്യവസായത്തിന്റെ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിന് പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദിയുടെ നേതൃത്വത്തിലുള്ള ഗവൺമെന്റ് നിരവധി പരിഷ്കരണ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അദ്ദേഹം പറഞ്ഞു.

ഇത് പ്രതിരോധ മേഖലയിൽ സുസ്ഥിര വളർച്ചാ അന്തരീക്ഷവും തദ്ദേശീയമായ നിർമ്മാണപ്രവർത്തനങ്ങൾക്ക് വലിയ ഊർജ്ജവും നൽകിയതായും ശ്രീ രാജ്നാഥ് സിംഗ് അഭിപ്രായപ്പെട്ടു

# വാക്സിനോട് വിമുഖത അരുത്; വാക്സിൻ എടുക്കാത്തവർ എത്രയും വേഗം എടുക്കണം: മന്ത്രി വീണാ ജോർജ്

## രജിസ്റ്റർ ചെയ്തോ വാക്സിനേഷൻ കേന്ദ്രത്തിലെത്തിയോ ആദ്യ ഡോസ് വാക്സിൻ സ്വീകരിക്കാം

തിരുവനന്തപുരം: സംസ്ഥാനം കോവിഡിനെതിരെ ശക്തമായ പ്രതിരോധമൊരുക്കുമ്പോൾ ആരും കോവിഡ് 19 വാക്സിനോട് വിമുഖത കാട്ടരുതെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. ഒന്നാം ഡോസ് വാക്സിൻ എടുക്കാൻ ഇനി കുറച്ച് പേർ മാത്രമാണുള്ളത്. സംസ്ഥാനത്ത് ഇപ്പോൾ ആവശ്യത്തിന് വാക്സിൻ സ്റ്റോക്കുണ്ട്. തൊട്ടടുത്തുതന്നെ വാക്സിനേഷൻ കേന്ദ്രങ്ങളും ലഭ്യമാണ്. 1200 ഓളം വാക്സിനേഷൻ കേന്ദ്രങ്ങൾ സംസ്ഥാനത്താകെ സർക്കാർ തലത്തിൽ തന്നെ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ പല വാക്സിനേഷൻ കേന്ദ്രങ്ങളിലും ആൾക്കാർ തീരെ കുറവാണ്. ഒക്ടോബർ ഒന്ന് മുതൽ 5 വരെയുള്ള വാക്സിനേഷന്റെ കണക്കെടുത്താൽ ഒന്നും രണ്ടും ഡോസ് ചേർത്ത് ആകെ 5,65,432 ഡോസ് വാക്സിനാണ് നൽകിയത്. അതിൽ 1,28,997 പേർ മാത്രമാണ് ആദ്യ ഡോസ് വാക്സിനെടുത്തത്. ആരും വാക്സിനേഷനോട് വിമുഖത കാണിക്കരുത്. ഇനിയും വാക്സിൻ എടുക്കാനുള്ളവർ ഉടൻ തന്നെ കോവിൻ വെബ് സൈറ്റിൽ രജിസ്റ്റർ ചെയ്തോ തൊട്ടടുത്ത വാക്സിനേഷൻ കേന്ദ്രത്തിൽ നേരിട്ടെത്തിയോ വാക്സിൻ സ്വീകരിക്കേണ്ടതാണെന്നും മന്ത്രി അഭ്യർത്ഥിച്ചു.

സംസ്ഥാനത്ത് വാക്സിനേടുക്കേണ്ട ജനസംഖ്യയുടെ 93.04 ശതമാനം പേർക്ക് (2,48,50,307) ആദ്യ ഡോസും 42.83 ശതമാനം പേർക്ക് (1,14,40,770) രണ്ടാം ഡോസും നൽകിയിട്ടുണ്ട്. ഒന്നും രണ്ടും ഡോസ് ചേർത്ത് ആകെ 3,62,91,077 ഡോസ് വാക്സിനാണ് ഇതുവരെ നൽകിയത്. കേന്ദ്രത്തിന്റെ 2021ലെ എസ്റ്റിമേറ്റ് ജനസംഖ്യ പ്രകാരം പതിനെട്ടര ലക്ഷത്തോളം പേരാണ് വാക്സിനെടുക്കാനുള്ളത്. അതിൽ തന്നെ കോവിഡ് ബാധിച്ചവരായ 10 ലക്ഷത്തോളം പേർക്ക് 3 മാസം കഴിഞ്ഞ് വാക്സിൻ എടുത്താൽ മതി. അതിനാൽ ഇനി എട്ടര ലക്ഷത്തോളം പേർ മാത്രമാണ് ഒന്നാം ഡോസ് വാക്സിനെടുക്കാനുള്ളത്.

കോവിഡ് വാക്സിൻ എടുത്താൽ കോവിഡ് വരാനുള്ള സാധ്യത കുറയ്ക്കുകയും ഗുരുതരമായ അസുഖത്തിൽ നിന്നും സംരക്ഷിക്കുകയും ആശുപത്രി വാസത്തിന്റെയും മരണത്തിന്റെയും സാധ്യത ഗണ്യമായി കുറയ്ക്കുകയും ചെയ്യുന്നു എന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ഇതുവരെ 1,22,407 കോവിഡ് കേസുകളിൽ, 11 ശതമാനം വ്യക്തികൾ മാത്രമാണ് ആശുപത്രി അല്ലെങ്കിൽ ഫീൽഡ് ആശുപത്രികളിൽ പ്രവേശിപ്പിക്കപ്പെട്ടിട്ടുള്ളത്.

സെപ്റ്റംബർ 27 മുതൽ ഒക്ടോബർ 4 വരെയുള്ള കാലയളവിൽ ശരാശരി 1,42,680 കേസുകൾ ചികിത്സയിലുണ്ടായിരുന്നതിൽ 2 ശതമാനം പേർക്ക് മാത്രമാണ് ഓക്സിജൻ കിടക്കകളും ഒരു ശതമാനം പേർക്ക് മാത്രമാണ് ഐസിയുവും ആവശ്യമായി വന്നത്. നിലവിൽ രോഗം സ്ഥിരീകരിച്ച് ചികിത്സയിലുള്ള രോഗികൾ, ആശുപത്രികൾ, ഫീൽഡ് ആശുപത്രികൾ, ഐസിയു, വെന്റിലേറ്റർ, ഓക്സിജൻ കിടക്കകൾ എന്നിവിടങ്ങളിലെ രോഗികളുടെ എണ്ണം എന്നിവ മുൻ ആഴ്ചയുമായി താരതമ്യപ്പെടുത്തുമ്പോൾ ഈ ആഴ്ചയിൽ യഥാക്രമം 12, 12, 24, 10, 8, 13 ശതമാനം വീതം കുറഞ്ഞു. ആശുപത്രി വാസത്തിന്റെ നിരക്കും ഗുരുതരമായ കേസുകളും കുറയുന്ന പ്രവണതയാണ് കാണിക്കുന്നത്. ഇതിനെല്ലാം കാരണം നമ്മുടെ വാക്സിനേഷൻ കൂടിയാണ്.

എല്ലാ കാലവും സംസ്ഥാനത്തിന് അടച്ചിടാനാകില്ല. ജനങ്ങളുടെ ജീവനും ജീവനോപാധിയും ഒരുപോലെ സംരക്ഷിക്കേണ്ടതുണ്ട്.

കോളേജുകൾ തുറന്നു തുടങ്ങി. സ്കൂളുകളും അടുത്തമാസം ആദ്യത്തോടെ തുറക്കും.

ആ സമയത്ത് കുറച്ചു പേർ വാക്സിൻ എടുക്കാതെ വിമുഖത കാണിച്ച് മാറി നിൽക്കുന്നത് സമൂഹത്തിന് തന്നെ ആപത്താണ്. അതിനാൽ ബാക്കിയുള്ളവർ എത്രയും വേഗം ആദ്യ ഡോസ് വാക്സിൻ സ്വീകരിക്കണമെന്നും മന്ത്രി അഭ്യർത്ഥിച്ചു.

# നൂറു ശതമാനം വാക്സിനേറ്റഡ് ടൂറിസം കേന്ദ്രങ്ങൾ: ഭൂരിഭാഗം കേന്ദ്രങ്ങളും ലക്ഷ്യം കൈവരിച്ചു

നൂറു ശതമാനം വാക്സിനേറ്റഡ് ടൂറിസം കേന്ദ്രങ്ങൾ എന്ന ലക്ഷ്യം ഭൂരിഭാഗം ഇടങ്ങളും കൈവരിച്ചതായി ടൂറിസം മന്ത്രി പി. എ. മുഹമ്മദ് റിയാസ് നിയമസഭയിൽ അറിയിച്ചു. ടൂറിസം കേന്ദ്രങ്ങൾ പ്രതിസന്ധി നേരിടുകയാണെന്ന എച്ച്. സലാം എം. എൽ. എയുടെ ശ്രദ്ധക്ഷണിക്കലിന് മറുപടി നൽകുകയായിരുന്നു മന്ത്രി. നൂറു ശതമാനം വാക്സിനേറ്റഡ് ടൂറിസം കേന്ദ്രങ്ങൾ എന്ന ലക്ഷ്യത്തോടെ ആരോഗ്യ വകുപ്പിന്റെ സഹകരണത്തോടെ പ്രത്യേക പദ്ധതി തന്നെ നടപ്പാക്കി. വയനാട്ടിലെ വൈത്തിരിയിലാണ് തുടങ്ങിയത്. ആദ്യ ഡോസിന്റെ കാര്യത്തിൽ വയനാട് ജില്ലയാകെ പൂർത്തീകരിച്ചു. അത് മറ്റ് ഡസ്റ്റിനേഷനുകളിലേക്കും വ്യാപിപ്പിച്ചതായി മന്ത്രി പറഞ്ഞു. ഇപ്പോൾ എല്ലായിടത്തും വിനോദസഞ്ചാരികൾ വന്നു തുടങ്ങി. ഇപ്പോൾ ആഭ്യന്തരസഞ്ചാരികളുടെ എണ്ണത്തിൽ വർധനവ് ഉണ്ടായിത്തുടങ്ങി.

പുതിയ മേഖലകളിലേക്ക് ടൂറിസത്തെ വളർത്താനുതകുന്ന പദ്ധതികളാണ് വരും ദിവസങ്ങളിൽ നടപ്പാക്കാൻ പോകുന്നത്. കാരവാൻ ടൂറിസം പോലുള്ള നൂതന ടൂറിസം സംവിധാനങ്ങൾ കേരളത്തിന് പരിചയപ്പെടുത്താനുള്ള പദ്ധതികളുടെ നടപടിക്രമങ്ങൾ ആരംഭിച്ചു. അഗ്രി ടൂറിസത്തിന്റെ സാധ്യത മനസിലാക്കി അത് പ്രയോജനപ്പെടുത്താൻ ഫാം ടൂറിസം നെറ്റ് വർക്ക് കൂടി തയ്യാറാവുകയാണ്. മറ്റ് ചില പദ്ധതികൾ കൂടി തയ്യാറായി വരുന്നുണ്ട്. ഇതിലൂടെ കേരള ടൂറിസത്തിന് ശക്തമായി തിരിച്ചു വരാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

കോവിഡ് തീർത്ത പ്രതിസന്ധി ഏറ്റവും കൂടുതൽ ബാധിച്ച മേഖലയാണ് ടൂറിസം. ഇപ്പോഴും കോവിഡിനൊപ്പമാണ് ടൂറിസം മുന്നോട്ടു പോകുന്നത്. അതിജീവിക്കും എന്ന ആത്മവിശ്വാസം ടൂറിസം മേഖലയ്ക്ക് ഉണ്ടാക്കുക എന്നതിനാണ് ഈ ഘട്ടത്തിൽ സർക്കാർ പ്രാധാന്യം നൽകിയത്. അതിന് സഞ്ചാരികൾക്ക് നമ്മുടെ നാട് സുരക്ഷിത കേന്ദ്രമായി അനുഭവപ്പെടണം. സഞ്ചാരികൾ കേരളത്തിലേക്ക് എത്തണം. ഇതിനായി സുരക്ഷിത കേരളം, സുരക്ഷിത ടൂറിസം എന്ന ലക്ഷ്യത്തോടെയുള്ള പ്രവർത്തനങ്ങൾക്ക് രൂപം നൽകിയതായും മന്ത്രി അറിയിച്ചു. ടൂറിസം മേഖലയ്ക്കായി കരുതലോടെയുള്ള പദ്ധതികളാണ് വകുപ്പ് തയ്യാറാക്കിയത്. ബയോബബിൾ സംവിധാനത്തിലൂടെ സുരക്ഷിതത്വം ഉറപ്പാക്കി.




കുട്ടികൾക്കുള്ള വാക്സിൻ കുത്തിവെയ്പ്പ് ജില്ലാതല ഉദ്ഘാടനം വിക്ടോറിയ ആശുപത്രിയിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് സാം കെ. ഡാനിയൽ നിർവഹിക്കുന്നു

# ഓവർസീസ് എംപ്ലോയേഴ്സ് കോൺഫറൻസ് 12ന്

## കോവിഡാനന്തര ആഗോള തൊഴിൽ സാധ്യതകൾ അടുത്തറിയാൻ അന്താരാഷ്ട്ര കോൺഫറൻസ്

കോവിഡാനന്തരം ആഗോള തൊഴിൽ മേഖലയിലുണ്ടായ മാറ്റങ്ങളും സാധ്യതകളും കേരളത്തിലെ വിദഗ്ദ്ധമേഖലയിലെ തൊഴിലന്വേഷകരിലെത്തിക്കാൻ ലക്ഷ്യമിട്ടുള്ള ഓവർസീസ് എംപ്ലോയേഴ്സ് കോൺഫറൻസ് ഒക്ടോബർ 12ന് നടക്കും.

നോർക്ക വകുപ്പ് സംഘടിപ്പിക്കുന്ന സമ്മേളനത്തിൽ അന്താരാഷ്ട്ര തലത്തിലെ തൊഴിൽദാതാക്കൾ, പ്രമുഖ റിക്രൂട്ടിംഗ് ഏജൻസികൾ, നയതന്ത്ര വിദഗ്ധർ, വിദേശകാര്യ വകുപ്പ് ഉദ്യോഗസ്ഥർ, അംബാസിഡർമാർ, എംബസികളിലെ മുതിർന്ന ഉദ്യോഗസ്ഥർ, നയരൂപീകരണ വിദഗ്ദ്ധർ, വിദ്യാഭ്യാസ വിചക്ഷണർ, മുതിർന്ന സംസ്ഥാന സർക്കാർ ഉദ്യോഗസ്ഥർ തുടങ്ങിയവർ അണിനിരക്കും. ഓൺലൈനായും തിരുവനന്തപുരത്ത് നിയമസഭയിലെ ശങ്കരനാരായണൻ തമ്പി ഹാളിലുമായാണ് കോൺഫറൻസ് നടക്കുക.

12ന് രാവിലെ 11.30നു മുഖ്യമന്ത്രി പിണറായി വിജയൻ സമ്മേളനം ഉദ്ഘാടനം ചെയ്യും.

തൊഴിൽ മേഖലയുടെ ഭാവിയും നവനൈപുണ്യവികസനവും, തൊഴിൽ കുടിയേറ്റം ഉയരുന്ന പുതിയ വിപണികൾ, പുതിയ മാർക്കറ്റുകൾ: ജപ്പാനും ജർമനിയും തുടങ്ങിയ സെഷനുകളാണ് സമ്മേളനത്തിലുള്ളത്. ഓപ്പൺ ഹൗസ്, ചോദ്യോത്തര സെഷൻ, ഉദ്ഘാടനസമാപന സെഷനുകളും നടക്കും.

തൊഴിൽ തേടി മറ്റു രാജ്യങ്ങളിലേക്ക് പോകുന്നവർക്ക് പരമാവധി സൗകര്യം ഒരുക്കുന്നതിനും അവർ നേരിടുന്ന പ്രശ്നങ്ങളെയും പരിഹാര മാർഗങ്ങളെയും കുറിച്ച് ബോധവത്കരിക്കുന്നതും ഉദ്ദേശിച്ചാണ് സമ്മേളനം സംഘടിപ്പിക്കുന്നത്. കോവിഡാനന്തര തൊഴിൽ സാധ്യതകളെ വിശകലനം ചെയ്ത് സംഘടിപ്പിക്കുന്ന രാജ്യത്തെ തന്നെ ശ്രദ്ധേയ ചുവടുവയ്പ്പായിരിക്കും ഓവർസീസ് എംപ്ലോയേഴ്സ് കോൺഫറൻസ്.

ഫെഡറേഷൻ ഓഫ് ഇന്ത്യൻ ചേംബർ ഓഫ് കൊമേഴ്സ് ആൻഡ് ഇൻഡസ്ട്രിയുടെ (ഫിക്കി) പങ്കാളിത്തത്തോടെയാണ് കോൺഫറൻസ് നടത്തുന്നത്.

ശങ്കരനാരായണൻ തമ്പി ഹാളിൽ കോവിഡ് പ്രോട്ടോക്കോൾ പാലിച്ച് ക്ഷണിക്കപ്പെട്ടവർക്കാണ് പ്രവേശനം. ഓൺലൈൻ സമ്മേളനത്തിൽ പങ്കെടുക്കാൻ h-ttp-s://r-e-g-i-str-a-tion-s.f-i-c-c-i.com/f-i-co-e-c/on-l-in-e-r-e-g-i-str-a-tion-i.a-sp എന്ന ലിങ്കിൽ സൗജന്യമായി രജിസ്റ്റർ ചെയ്യാം. കൂടുതൽ വിവരങ്ങൾക്ക്: 04844058041 / 42, മൊബൈൽ: 09847198809. ഇമെയിൽ: k-e-sc@f-i-c-c-i.com.

# മൈനിങ് ആന്റ് ജിയോളജി വകുപ്പിന്റെ പ്രവർത്തനങ്ങൾ ഓൺലൈനിലാക്കും: മന്ത്രി പി രാജീവ്

തിരുവനന്തപുരം: മൈനിങ് ആന്റ് ജിയോളജി വകുപ്പിന്റെ പ്രവർത്തനങ്ങൾ ഏതാനും മാസങ്ങൾക്കുള്ളിൽ പൂർണമായും ഓൺലൈനിലാക്കുമെന്ന് മന്ത്രി പി രാജീവ്. വകുപ്പിന്റെ എല്ലാ സേവനങ്ങൾക്കും ഇ ഗവേണൻസ് ഉറപ്പാക്കും. സേവനങ്ങൾക്കായി ഒരാളും ഓഫീസിലേക്ക് വരേണ്ടതില്ലെന്നാണ് സർക്കാർ നയം. ഇതിലൂടെ നടപടികൾ സുതാര്യമാക്കാനും അഴിമതികൾ ഒഴിവാക്കാനുമാകും. അനുമതി നൽകിയ സ്ഥലത്ത് എത്ര അളവ് ഖനനം നടന്നുവെന്ന് ഓഫീസിലിരുന്ന് തന്നെ അറിയാൻ കഴിയുന്ന സാങ്കേതികവിദ്യ നടപ്പാക്കും. ധാതുമണലിൽ നിന്ന് മൂല്യവർധിത ഉല്പന്നങ്ങൾ ഉറപ്പാക്കാനായി മാസ്റ്റർ പ്ലാൻ തയ്യാറാകുന്നു. ചവറയിൽ കെഎംഎംഎല്ലിന്റെ കരിമണൽ ശേഖരത്തിൽ നിന്ന് ഇൽമനൈറ്റ് ഉല്പാദിപ്പിക്കാൻ ഐആർഇയുമായി സംയുക്ത സംരംഭം ചർച്ചയിലാണെന്നും മന്ത്രി പറഞ്ഞു. ബില്ലുകളിൽ നടന്ന ചർച്ചയിൽ മറുപടി നൽകുകയായിരുന്നു അദ്ദേഹം.

സംരംഭ വികസനത്തിന് നിങ്ങളുടെ സംരംഭം നാടിന്റെ അഭിമാനം എന്ന പ്രചാരണം ഏറ്റെടുക്കും. എംഎസ്എംഇകൾക്കായി രണ്ട് ജില്ലയിൽ പരീക്ഷണാടിസ്ഥാനത്തിൽ ടെക്നോളജി ക്ലിനിക്ക് ആരംഭിക്കും. സാങ്കേതിക വിദ്യ ഉയർത്തലിനായി അങ്കമാലിയിൽ വലിയ സംവിധാനം രണ്ട് മാസത്തിനകം യാഥാർത്ഥ്യമാകും. ഫാക്ടറികൾക്കായി പൊതുവായുള്ള അടിസ്ഥാന രൂപകല്പനയും പൊതു സൗകര്യ കേന്ദ്രങ്ങളും കൂടുതൽ സ്ഥലങ്ങളിലേക്ക് വ്യാപിപ്പിക്കാനാണ് സർക്കാർ ശ്രമം. നാല് എംഎസ്എംഇ ക്ലസ്റ്ററുകൾ കൂടി തുടങ്ങി സംരംഭകർക്ക് സഹായികളാകുന്ന നിലയിൽ വ്യവസായ വകുപ്പിന്റെ താലൂക്ക് തല ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകും. മലബാർ മേഖലയിലെ ചകിരി ഉല്പാദന സാധ്യതകൾ പ്രയോജനപ്പെടുത്തും. സംസ്ഥാനത്തിന്റെ തദ്ദേശീയ ചകിരി ഉല്പാദനം അഞ്ച് ശതമാനത്തിൽ നിന്ന് 45 ശതമാനമായി ഉയർന്നിട്ടുണ്ട്. കയർഫെഡിലെ നിയമനങ്ങളിൽ ഒരു വർഷത്തിന് ശേഷമാണ് പരാതി ഉന്നയിക്കുന്നത്. എന്നാലും ഇത് പരിശോധിച്ച് കഴമ്പുണ്ടെങ്കിൽ നടപടി സ്വീകരിക്കും. കയർ ഫെഡിൽ പിഎസ്സിക്ക് വിട്ട എല്ലാ നിയമനങ്ങളും കമ്മിഷൻ വഴി തന്നെയേ നടക്കൂവെന്നും മന്ത്രി വ്യക്തമാക്കി.

# കള്ള് വ്യവസായ വികസന ബോർഡ് ബിൽ അടക്കം നാലു ബില്ലുകൾ സബ്ജക്ട് കമ്മിറ്റിക്ക്

തിരുവനന്തപുരം: കേരള കള്ള് വ്യവസായ വികസന ബോർഡ് ബില്ല് അടക്കം നാലു ബില്ലുകൾ നിയമസഭ സബ്ജക്ട് കമ്മിറ്റിക്ക് വിട്ടു. 2021 ലെ കേരള കയർ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ, 2021 ലെ കേരള സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ (ഭേദഗതി) ബിൽ, 2021ലെ കേരള ധാതുക്കൾ (അവകാശങ്ങൾ നിക്ഷിപ്തമാക്കൽ) ബിൽ എന്നിവ വ്യവസായ മന്ത്രി പി രാജീവും കള്ള് വ്യവസായ വികസന ബോർഡ് ബിൽ എക്സൈസ് മന്ത്രി എം വി ഗോവിന്ദനുമാണ് സഭയിൽ അവതരിപ്പിച്ചത്. പരമ്പരാഗത കള്ള് വ്യവസായം പ്രോത്സാഹിപ്പിക്കാനും തൊഴിലും ക്ഷേമ പ്രവർത്തനവും ഉറപ്പാക്കാനും കള്ളിൽ നിന്നും മൂല്യവർധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്ന സംരംഭങ്ങൾ സ്ഥാപിക്കുക, വിനോദ സഞ്ചാര മേഖലകളിൽ ആധുനിക രീതിയിലുള്ള കള്ള് ഷാപ്പ് സ്ഥാപിക്കുക എന്നിവയാണ് ബില്ലിലുള്ളത്.

കയർ തൊഴിലാളികളുടെയും സ്വയം തൊഴിൽ എടുക്കുന്നവരുടെയും ക്ഷേമനിധി വിഹിതം അഞ്ച് രൂപയിൽ നിന്നും ഇരുപത് രൂപയും സംസ്ഥാന സർക്കാർ വിഹിതം പത്ത് രൂപയുമാക്കി വർധിപ്പിക്കുന്നതാണ് കേരള കയർ തൊഴിലാളി ക്ഷേമനിധി ഭേദഗതി ബിൽ. സംസ്ഥാനത്തെ വ്യവസായ സൗഹൃദമാക്കാനായി പ്രഖ്യാപിച്ച നടപടികൾക്ക് പ്രാബല്യം നൽകി ഇറക്കിയ ഓർഡിനൻസ് ബില്ലാക്കിയതാണ് സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ബില്ലിലുള്ളത്.

സൂക്ഷ്മ ചെറുകിട വ്യവസായങ്ങൾ സ്ഥാപിക്കുന്നതിനും പ്രവർത്തിക്കുന്നതിനും നിലവിലുണ്ടായിരുന്ന വ്യവസ്ഥകളിൽ ഇളവുകളും ഒഴിവുകളും വ്യവസ്ഥ ചെയ്യുന്നു. അപേക്ഷ സമർപ്പിച്ച് ഏഴു ദിവസത്തിനകം ലൈസൻസിന് അനുമതി നൽകാനും ഇതിനായി പ്രത്യേക ബ്യൂറോയ്ക്കും വ്യവസ്ഥയുണ്ട്. മണ്ണിലെ ധാതുക്കളിന്മേലുള്ള ഉടമസ്ഥാവകാശം സംബന്ധിച്ച് സംസ്ഥാനത്ത് ഏകീകൃത നിയമം നടപ്പിലാക്കുന്നതിനായി കൊണ്ടുവന്ന ഓർഡിനൻസിന് പകരമുള്ള ബില്ലാണ് കേരള ധാതുക്കൾ (അവകാശങ്ങൾ നിക്ഷിപ്തമാക്കൽ) ബിൽ.

മലബാറിൽ മണ്ണിലും അടിമണ്ണിലുമുള്ള ധാതുക്കളുടെ ഉടമസ്ഥാവകാശം ഭൂഉടമകളിൽ നിക്ഷിപ്തമായിരുന്നു.

തിരുവിതാകൂർ, കൊച്ചി പ്രദേശങ്ങളിൽ വ്യവസ്ഥയിലുള്ളതുപോലെ സംസ്ഥാനത്തെ മണ്ണിലെ ധാതുക്കളുടെ അവകാശം സർക്കാരിൽ നിക്ഷിപ്തമാക്കിയുള്ളതാണ് ബില്ലിലെ വ്യവസ്ഥകൾ.

## ചരിത്രരേഖാ പ്രദർശനവും ചരിത്ര സെമിനാറും

സ്വാതന്ത്ര്യത്തിന്റെ 75ാം വാർഷികാഘോഷത്തിന്റെ ഭാഗമായി സംഘടിപ്പിക്കുന്ന 'സ്വാതന്ത്ര്യത്തിന്റെ അമൃത മഹോത്സവം' പരിപാടിയോടനുബന്ധിച്ച് കോഴിക്കോട് ടാഗോർ സെന്റിനറി ഹാളിൽ 9ന് സംസ്ഥാന ആർക്കൈവ്സ് വകുപ്പ് ചരിത്രരേഖാ പ്രദർശനവും ചരിത്ര സെമിനാറും സംഘടിപ്പിക്കും. ടൂറിസം പൊതുമരാമത്ത് മന്ത്രി പി എ മുഹമ്മദ് റിയാസ് അദ്ധ്യക്ഷത വഹിക്കും. തുറമുഖം പുരാവസ്തു, പുരാരേഖാ, മ്യൂസിയം വകുപ്പ് മന്ത്രി അഹമ്മദ് ദേവർകോവിൽ രാവിലെ 10.30ന് പരിപാടി ഉദ്ഘാടനം ചെയ്യും. വനം, വന്യജീവി വകുപ്പ് മന്ത്രി എ കെ ശശീന്ദ്രൻ മുഖ്യാതിഥിയായ ചടങ്ങിൽ മേയർ ഡോ. ബീന ഫിലിപ്പ് വിശിഷ്ടാതിഥിയാകും. എം കെ രാഘവൻ എം പി, തോട്ടത്തിൽ രവീന്ദ്രൻ എം എൽ എ തുടങ്ങിയവർ പങ്കെടുക്കും.

# ജനകീയ ഹോട്ടലുകളെ കുറിച്ച് അപഖ്യാതി പ്രചരിപ്പിക്കരുത്: മന്ത്രി

വിശപ്പുരഹിത കേരളം യാഥാർത്ഥ്യമാക്കുന്ന കുടുംബശ്രീ ജനകീയ ഹോട്ടൽ പ്രസ്ഥാനത്തെ ഇകഴ്ത്തിക്കാട്ടാനുള്ള ശ്രമങ്ങളെ കേരളം ഒറ്റക്കെട്ടായി ചെറുക്കണമെന്ന് തദ്ദേശ സ്വയംഭരണ എക്സൈസ് വകുപ്പ് മന്ത്രി എം വി ഗോവിന്ദൻ മാസ്റ്റർ അറിയിച്ചു. ഫേസ്ബുക്കിലെഴുതിയ കുറിപ്പിലൂടെയാണ് മന്ത്രി കുടുംബശ്രീയേയും ജനകീയ ഹോട്ടലുകളെയും തകർക്കാനുള്ള ശ്രമത്തിനെതിരെ പ്രതികരിച്ചത്. ജനകീയ ഹോട്ടലുകൾ പ്രവർത്തിക്കുമ്പോൾ ഒരുപാട് കുടുംബങ്ങൾ പുലരുന്നുണ്ടെന്നും മായം ചേർക്കാത്ത വൃത്തിയുള്ള ഭക്ഷണം നാട്ടുകാർക്ക് കുറഞ്ഞ ചിലവിൽ കഴിക്കാൻ സാധിക്കുന്നുണ്ടെന്നും വിശപ്പ് രഹിത കേരളമെന്ന മുദ്രാവാക്യത്തെ കൂടുതൽ അർത്ഥവത്താക്കാനും ജനകീയ ഹോട്ടൽ സംരംഭത്തെ കൂടുതൽ മികവുറ്റതാക്കി മാറ്റാനും കൈകൾ കോർക്കാമെന്നും മന്ത്രി അഭിപ്രായപ്പെട്ടു.

കുടുംബശ്രീ പ്രസ്ഥാനത്തിന്റെ ജീവൻ കേരളത്തിലെ ലക്ഷക്കണക്കിന് വരുന്ന സാധാരണക്കാരായ സ്ത്രീകളാണ്. അവരെ ശാക്തീകരിക്കാനും ദാരിദ്ര്യാവസ്ഥയിൽ നിന്ന് മോചിപ്പിക്കാനും അവരുടെ പദവി ഉയർത്താനും കുടുംബശ്രീയുടെ വൈവിധ്യമാർന്ന പ്രവർത്തനങ്ങൾ ഗുണപ്പെടുന്നുണ്ട്. കേരളത്തിലെ ഈ വനിതാ മുന്നേറ്റത്തെ പകർത്താൻ മറ്റ് രാജ്യങ്ങളും സംസ്ഥാനങ്ങളും ഇവിടേക്ക് വരാറുമുണ്ട്. മികവുകളുടെ സ്ത്രീപർവ്വം എന്നുതന്നെയാണ് കുടുംബശ്രീയെ വിശേഷിപ്പിക്കേണ്ടതെന്ന് മന്ത്രി ഫേസ്ബുക്ക് പോസ്റ്റിൽ പറഞ്ഞു.

വാർത്തയിൽ പ്രതിപാദിക്കുന്ന കോഴിക്കോടുള്ള ജനകീയ ഹോട്ടൽ 2018 മുതൽ ജില്ലാ വെറ്ററിനറി ഹോസ്പിറ്റൽ കോമ്പൗണ്ടിൽ പ്രവർത്തിക്കുകയാണ്. നാല് സംരംഭകർ ഉൾപ്പെടെ പന്ത്രണ്ട് വനിതകളുടെ ജീവിത മാർഗം കൂടിയാണ് ഹോട്ടൽ. കോഴിക്കോട് കോർപ്പറേഷന്റെ സെൻട്രൽ സി ഡി എസിൽ രജിസ്റ്റർ ചെയ്ത സംരംഭമാണത്. 2020 മുതലാണ് ജനകീയ ഹോട്ടലായത്. തെരുവിൽ ജീവിക്കുന്നവരെ പുനരധിവസിപ്പിക്കുന്ന ഉദയം പദ്ധതിയുടെ താൽക്കാലിക ഷെൽട്ടറിലും കോവിഡ് പ്രതിരോധത്തിനായി സജ്ജമാക്കിയ സി എഫ് എൽ ടി സികളിലും ഇവിടെ നിന്ന് മുടങ്ങാതെ ഭക്ഷണ വിതരണം നടത്തുന്നുണ്ട്. കോഴിക്കോട് ജില്ലയിൽ 104 ജനകീയ ഹോട്ടലുകൾ പ്രവർത്തിക്കുന്നുണ്ട്. ഗ്രാമങ്ങളിൽ 75 എണ്ണവും നഗരപ്രദേശത്ത് 29 എണ്ണവും. കോർപ്പറേഷൻ പ്രദേശത്ത് 14 ജനകീയ ഹോട്ടലുകളും നല്ല നിലയിൽ പ്രവർത്തിക്കുന്നു. പ്രതിദിനം 25000 മുതൽ 27000 വരെ ഊണുകളാണ് ഇവിടങ്ങളിലൂടെ നൽകുന്നത്. സംസ്ഥാനത്തെ ജനകീയ ഹോട്ടലുകൾക്ക് വൃത്തിയുടെയും പ്രവർത്തന മികവിന്റെയുമൊക്കെ അടിസ്ഥാനത്തിൽ ഗ്രേഡിംഗ് സ്റ്റാറ്റസ് നൽകി കൂടുതൽ മെച്ചപ്പെടുത്താനുള്ള ശ്രമം കുടുംബശ്രീ നടത്തുന്നുണ്ട്. മറ്റൊരു ഹോട്ടൽ ശൃംഖലയും ഈ വിധത്തിൽ സ്വയംവിമർശനാത്മകമായി പരിശോധിക്കുകയോ, കൂടുതൽ മെച്ചപ്പെടാൻ പരിശ്രമിക്കുകയോ ചെയ്യുന്നില്ലെന്നും മന്ത്രി വ്യക്തമാക്കി.

# പ്ലസ് വൺ രണ്ടാം അലോട്ട്മെന്റ് പ്രവേശനം ഒക്ടോബർ ഏഴ് മുതൽ

പ്ലസ് വൺ പ്രവേശനത്തിന്റെ രണ്ടാമത്തേതും മുഖ്യഘട്ടത്തിലെ അവസാനത്തേതുമായ അലോട്ട്മെന്റ് പ്രകാരമുള്ള പ്രവേശനം 7, 12, 16, 20, 21 തീയതികളിൽ നടക്കും. അലോട്ട്മെന്റ് വിവരം ഠഠഠ.മറാശൈശീ.റഴല.സലൃമഹമ.ഴീ.ശിലെ 'ഇഹശരസ ളീൃ ഒശഴവലൃ ടലരീിറമ്യ അറാശശൈീി' എന്ന ലിങ്കിലൂടെ ലഭിക്കും. വെബ്സൈറ്റിലെ ഇമിറശറമലേ ഘീഴശിടണട ൽ ലോഗിൻ ചെയ്ത് ടലരീിറ അഹഹീോലിേ ഞലൗെഹേ എന്ന ലിങ്ക് പരിശോധിക്കാം. ഇതിൽ നിന്ന് ലഭിക്കുന്ന അലോട്ട്മെന്റ് ലെറ്ററിലെ നിർദ്ദിഷ്ഠ തീയതിയിലും സമയത്തും പ്രവേശനത്തിനായി അലോട്ട്മെന്റ് ലഭിച്ച സ്കൂളിൽ രക്ഷകർത്താവിനോടൊപ്പം സർട്ടിഫിക്കറ്റുകളുടെ അസ്സൽ സഹിതം ഹാജരാകണം. വിദ്യാർത്ഥികൾക്ക് പ്രവേശനത്തിന് ആവശ്യമുള്ള അലോട്ട്മെന്റ് ലെറ്റർ അലോട്ട്മെന്റ് ലഭിച്ച സ്കൂളിൽ നിന്നും പ്രിന്റ് എടുത്ത് അഡ്മിഷൻ സമയത്ത് നൽകും. അലോട്ട്മെന്റ് ലഭിക്കുന്നവർ ഫീസടച്ച് സ്ഥിരപ്രവേശനം നേടണം. ഒന്നാം അലോട്ട്മെന്റിൽ താൽക്കാലിക പ്രവേശനം നേടിയവർക്ക് ഈ അലോട്ട്മെന്റിൽ മാറ്റമൊന്നും ഇല്ലെങ്കിൽ സ്ഥിരപ്രവേശനം നേടണം. ഉയർന്ന ഓപ്ഷനിലോ പുതുതായോ അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾ അലോട്ട്മെന്റ് ലെറ്ററിലെ നിർദ്ദിഷ്ഠ സമയത്ത് സ്ഥിര പ്രവേശനം നേടണം. പ്രവേശന സമയത്ത് ജനറൽ റവന്യൂവിൽ അടയ്ക്കേണ്ട ഫീസ്, സർട്ടിഫിക്കറ്റ് വെരിഫിക്കേഷനു ശേഷം കാൻഡിഡേറ്റ് ലോഗിനിലെ എലല ുമ്യാലിേ എന്ന ലിങ്കിലൂടെ അടയ്ക്കണം. ഓൺലൈനായി ഫീസടക്കാൻ കഴിയാത്തവർക്ക് സ്കൂളിൽ ഫീസടയ്ക്കാം. അലോട്ട്മെന്റ് ലഭിച്ചിട്ടും പ്രവേശനം നേടാതിരിക്കുന്ന വിദ്യാർത്ഥികളെ തുടർന്നുള്ള സപ്ലിമെന്ററി അലോട്ട്മെന്റുകളിൽ പരിഗണിക്കില്ല. വിദ്യാർത്ഥികൾക്ക് തങ്ങൾ അപേക്ഷിച്ച ഓരോ സ്കൂളിലേയും കാറ്റഗറി തിരിച്ചുള്ള അവസാന റാങ്ക് വിവരങ്ങൾ പരിശോധിക്കാം. അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികളെല്ലാം നിർദ്ദിഷ്ഠ സമയത്ത് തന്നെ സ്കൂളുകളിൽ പ്രവേശനത്തിന് ഹാജരാകണമെന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടർ അറിയിച്ചു.

സ്പോർട്സ് ക്വാട്ട അലോട്ട്മെന്റ് റിസൾട്ട് ഏഴിന് രാവിലെ 10 മണി മുതൽ പ്രവേശനം സാധ്യമാകുന്നവിധം പ്രസിദ്ധീകരിക്കും.

## ഗാന്ധിജയന്തി ക്വിസ് മത്സരം

ഗാന്ധിജയന്തി ആഘോഷത്തോടനുബന്ധിച്ച് കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് 'ഗാന്ധിജിയും ഖാദിയും സ്വാതന്ത്ര്യ സമരവും' എന്ന വിഷയത്തിൽ ക്വിസ് മത്സരം സംഘടിപ്പിക്കുന്നു.

ഹൈസ്കൂൾ, ഹയർസെക്കൻഡറി സ്കൂൾ അടിസ്ഥാനത്തിൽ ഒരാൾക്ക് പങ്കെടുക്കാം. ഒന്ന്, രണ്ട്, മൂന്ന് സ്ഥാനക്കാർക്ക് യഥാക്രമം 10,000, 7,500, 5000 എന്നിങ്ങനെയാണ് സമ്മാനങ്ങൾ.

ഒക്ടോബർ 10 ന് മുൻപ് രജിസ്റ്റർ ചെയ്യണം.

വിശദവിവരങ്ങൾ www.k-kv-i-b.or-g വെബ്സൈറ്റിലോ se-cr-e-tary@k-kv-i-b.or-g മെയിലിലോ ലഭിക്കും. ഫോൺ:9946698961.

## ഓപ്ഷൻ ഫെസിലിറ്റേഷൻ സെന്റർ ആരംഭിച്ചു

കൊട്ടാരക്കര ഐ.എച്ച്.ആർ.ഡി എൻജിനീയറിങ് കോളേജിന്റെ അഭിമുഖ്യത്തിൽ കോളേജിലും കൊട്ടാരക്കര ഗവ. ബോയ്സ് ഹയർ സെക്കൻഡറി സ്കൂൾ, എസ്.കെ.വി വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂൾ എന്നിവിടങ്ങളിലും ഓപ്ഷൻ ഫെസിലിറ്റേഷൻ സെന്റർ ആരംഭിച്ചു. ഫോൺ: 0474 2458764,9074424817.

## ദർഘാസ്

ജില്ലാ മെഡിക്കൽ ഓഫീസിലേക്ക് സ്റ്റേഷനറി വിതരണം, പബ്ലിസിറ്റി പ്രവർത്തനങ്ങൾ, രേഖകൾ അച്ചടിച്ച് വിതരണം ചെയ്യൽ, ഭക്ഷണം പാകം ചെയ്ത് വിതരണം എന്നിവയ്ക്ക് ദർഘാസ് സമർപ്പിക്കാം. അവസാന തീയതി ഒക്ടോബർ 18. ഫോൺ 0474 2795017.

# മെഡിക്കൽ ഷോപ്പുകളിലും സ്കൂൾ പരിസരങ്ങളിലും ക്യാമറകൾ വയ്ക്കും

സ്കൂൾ തുറക്കുന്നതിനു മുന്നോടിയായി ജില്ലയിൽ മെഡിക്കൽ ഷോപ്പുകളിലും സ്കൂളുകളിലും സി.സി.ടി.വി ക്യാമറകൾ നിർബന്ധമാക്കും. കുട്ടികൾക്കിടയിലെ ലഹരി ഉപഭോഗം, അനധികൃതമായി കുട്ടികളെ കടത്തൽ എന്നിവ തടയുന്നതിന് ദേശീയ ബാലാവകാശ സംരക്ഷണ കമ്മീഷന്റെ ആഭിമുഖ്യത്തിൽ സംയുക്ത പ്രവർത്തന പദ്ധതി നടപ്പിലാക്കുന്നതിനായുള്ള ജില്ലാതല അവലോകന യോഗത്തിലാണ് തീരുമാനം. ജില്ലാ വികസന കമ്മീഷണർ ആസിഫ് കെ. യൂസഫിന്റെ അധ്യക്ഷതയിൽ ഓൺലൈനായി ചേർന്ന യോഗത്തിൽ വിവിധ വകുപ്പുകളുടെ നേതൃത്വത്തിൽ നടക്കുന്ന പ്രവർത്തനങ്ങൾ വിലയിരുത്തി.

മെഡിക്കൽ ഷോപ്പുകളുടെ ഉള്ളിലും പുറത്തും സിസി.ടി.വി ക്യാമറകൾ സ്ഥാപിക്കണം. ജില്ലാ ഡ്രഗ്സ് കൺട്രോൾ അതോറിറ്റി, പോലീസ് എന്നിവർ സംയുക്തമായി പരിശോധനകൾ നടത്തി വെരിഫിക്കേഷൻ സർട്ടിഫിക്കറ്റ് നൽകും. കൃത്യമായ ഇടവേളകളിൽ ദൃശ്യങ്ങൾ പരിശോധിക്കും. സ്കൂൾ പരിസരത്ത് പ്രവർത്തിക്കുന്ന വ്യാപാര സ്ഥാപനങ്ങളുടെ പട്ടിക തയ്യാറാക്കി പ്രത്യേക നിരീക്ഷണവും ഏർപ്പെടുത്തും. സ്കൂൾ ക്യാമ്പസിലും പരിസരത്തും സി.സി.ടി.വി ക്യാമറകൾ സ്ഥാപിക്കുന്നതിന് പി.ടി.എകളുടെ സഹകരണം തേടും.

സ്കൂളും പരിസരവും വൃത്തിയായി സൂക്ഷിക്കുന്നതിനൊപ്പം ലഹരി വിരുദ്ധ ബോധവൽക്കരണ പോസ്റ്ററുകൾ പതിപ്പിക്കുകയും വേണം. ആരോഗ്യവകുപ്പ്, ജില്ലാ സാമൂഹ്യനീതി വകുപ്പ്, പോലീസ്, എക്സൈസ് എന്നിവയുടെ നേതൃത്വത്തിൽ ലഹരിവിരുദ്ധ ബോധവൽക്കരണ ക്യാമ്പയിനുകൾ സംഘടിപ്പിക്കണം. സമൂഹമാധ്യമങ്ങൾ വഴി ഇവ പ്രചരിപ്പിക്കാനും തീരുമാനിച്ചു.

ബാലാവകാശ സംരക്ഷണ സമിതി അധ്യക്ഷൻ അഡ്വ. കെ. പി. സജിനാഥ്, വകുപ്പ്തല ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

# സംസ്ഥാനത്ത് 12,616 പേർക്ക് കോവിഡ്19 സ്ഥിരീകരിച്ചു

കേരളത്തിൽ 12,616 പേർക്ക് കൂടി കോവിഡ്19 സ്ഥിരീകരിച്ചു. എറണാകുളം 1932, തിരുവനന്തപുരം 1703, കോഴിക്കോട് 1265, തൃശൂർ 1110, മലപ്പുറം 931, കൊല്ലം 869, കോട്ടയം 840, പത്തനംതിട്ട 766, കണ്ണൂർ 698, ഇടുക്കി 656, പാലക്കാട് 634, ആലപ്പുഴ 569, വയനാട് 440, കാസർഗോഡ് 203 എന്നിങ്ങനെയാണ് ജില്ലകളിൽ രോഗം സ്ഥിരീകരിച്ചത്.

കഴിഞ്ഞ 24 മണിക്കൂറിനിടെ 98,782 സാമ്പിളുകളാണ് പരിശോധിച്ചത്. പ്രതിവാര ഇൻഫെക്ഷൻ പോപ്പുലേഷൻ റേഷ്യോ പത്തിന് മുകളിലുള്ള 368 തദ്ദേശ സ്വയംഭരണ പ്രദേശങ്ങളിലായി 745 വാർഡുകളാണുള്ളത്. ഇവിടെ കർശന നിയന്ത്രണമുണ്ടാകും.

സംസ്ഥാനത്തെ വിവിധ ജില്ലകളിലായി 3,90,631 പേരാണ് നിരീക്ഷണത്തിലുള്ളത്. ഇതിൽ 3,75,306 പേർ വീട്/ഇൻസ്റ്റിറ്റിയൂഷണൽ ക്വാറന്റീനിലും 15,325 പേർ ആശുപത്രികളിലും നിരീക്ഷണത്തിലാണ്. 918 പേരെയാണ് പുതുതായി ആശുപത്രിയിൽ പ്രവേശിപ്പിച്ചത്.

നിലവിൽ 1,22,407 കോവിഡ് കേസുകളിൽ, 11 ശതമാനം വ്യക്തികൾ മാത്രമാണ് ആശുപത്രി/ഫീൽഡ് ആശുപത്രികളിൽ പ്രവേശിപ്പിക്കപ്പെട്ടിട്ടുള്ളത്. കഴിഞ്ഞ ദിവസങ്ങളിലുണ്ടായ 134 മരണങ്ങളാണ് കോവിഡ്19 മൂലമാണെന്ന് സ്ഥിരീകരിച്ചത്. ഇതോടെ ആകെ മരണം 25,811 ആയി. രോഗം സ്ഥിരീകരിച്ചവരിൽ 49 പേർ സംസ്ഥാനത്തിന് പുറത്ത് നിന്നും വന്നവരാണ്. 12,018 പേർക്ക് സമ്പർക്കത്തിലൂടെയാണ് രോഗം ബാധിച്ചത്. 452 പേരുടെ സമ്പർക്ക ഉറവിടം വ്യക്തമല്ല. 97 ആരോഗ്യ പ്രവർത്തകർക്കാണ് രോഗം ബാധിച്ചത്.

രോഗം സ്ഥിരീകരിച്ച് ചികിത്സയിലായിരുന്ന 14,516 പേർ രോഗമുക്തി നേടി. തിരുവനന്തപുരം 1508, കൊല്ലം 78, പത്തനംതിട്ട 812, ആലപ്പുഴ 944, കോട്ടയം 1037, ഇടുക്കി 651, എറണാകുളം 2328, തൃശൂർ 1420, പാലക്കാട് 759, മലപ്പുറം 1153, കോഴിക്കോട് 2322, വയനാട് 735, കണ്ണൂർ 642, കാസർഗോഡ് 127 എന്നിങ്ങനെയാണ് രോഗമുക്തിയായത്. ഇതോടെ 1,22,407 പേരാണ് രോഗം സ്ഥിരീകരിച്ച് ചികിത്സയിലുള്ളത്. 46,02,600 പേർ ഇതുവരെ കോവിഡിൽ നിന്നും മുക്തി നേടി.

# വോട്ടർ പട്ടിക പുതുക്കൽ രാഷ്ട്രീയപാർട്ടി പ്രതിനിധികളുടെ യോഗം ചേർന്നു

വോട്ടർ പട്ടിക പുതുക്കുന്നതുമായി ബന്ധപ്പെട്ട് തിരഞ്ഞെടുപ്പ് വിഭാഗം ഡെപ്യൂട്ടി കലക്ടർ പി.ആർ. ഗോപാലകൃഷ്ണന്റെ അധ്യക്ഷതയിൽ വിവിധ രാഷ്ട്രീയ പാർട്ടി പ്രതിനിധികളുടെ ജില്ലാതല യോഗം ചേർന്നു. പട്ടിക പുതുക്കുന്നതിന് മുന്നോടിയായി 1500 വോട്ടർമാരിൽ കൂടുതലുള്ള പോളിംഗ് സ്റ്റേഷനുകൾ, അടിസ്ഥാന സൗകര്യങ്ങൾ അപര്യാപ്തമായതോ പൊളിച്ചു മാറ്റപ്പെട്ടതോ ജീർണാവസ്ഥയിൽ ആയതോ ആയ കെട്ടിടങ്ങൾ എന്നിവ പുനക്രമീകരിക്കും. 1500 വോട്ടർമാരിൽ കൂടുതലുള്ള നാല് പോളിംഗ് സ്റ്റേഷനുകളും നിലവിലുള്ള കെട്ടിടങ്ങൾ പൊളിച്ച് മാറ്റിയതോ/ ജീർണ്ണിച്ച നിലയിലുള്ളവയോ ആയ 60 പോളിംഗ് സ്റ്റേഷനുകളും ആണ് ജില്ലയിൽ ഉള്ളത്. പട്ടിക രാഷ്ട്രീയകക്ഷികളുടെ പ്രതിനിധികൾക്ക് കൈമാറി. നിലവിൽ 11 മണ്ഡലങ്ങളിലായി 1948 ബൂത്തുകൾ ഉണ്ട്.

2022 ജനുവരി ഒന്ന് യോഗ്യതാ തീയതിയായി നിശ്ചയിച്ചുകൊണ്ട് വോട്ടർപട്ടിക പുതുക്കുന്നതിനുള്ള നടപടിക്രമങ്ങൾ വിശദീകരിച്ചു. നവംബർ ഒന്നിന് കരട് വോട്ടർ പട്ടിക പ്രസിദ്ധീകരിക്കും. 30 വരെ ഇത് സംബന്ധിച്ച പരാതികൾ/പുതിയ അപേക്ഷകൾ ഇലക്ട്രൽ രജിസ്ട്രേഷൻ ഓഫീസർമാരായ തഹസിൽദാർമാർ പരിശോധിച്ച് ഡിസംബർ 20 ന് മുമ്പ് തീർപ്പാക്കും. അന്തിമ വോട്ടർപട്ടിക 2022 ജനുവരി അഞ്ചിന് പ്രസിദ്ധീകരിക്കും.

രാഷ്ട്രീയ പാർട്ടി പ്രതിനിധികളായ കെ. വരദരാജൻ, ആർ.വിജയകുമാർ, സേതുനാഥൻ പിള്ള, ഐ. ഷംസീർ, ജി. ജയപ്രകാശ്, പി.കെ. ചന്ദ്രബാബു , കുരീപ്പുഴ മോഹനൻ, ചന്ദനത്തോപ്പ് അജയകുമാർ, നിയാസ് മുഹമ്മദ്, ഡോ. ജോർജ് മുണ്ടക്കൽ തുടങ്ങിയവർ പങ്കെടുത്തു.

# ശിശുദിനസ്റ്റാമ്പ് 2021: ചിത്രങ്ങൾ ക്ഷണിച്ചു

കേരള സംസ്ഥാന ശിശുക്ഷേമ സമിതി നവംബർ 14 ശിശുദിനത്തിന് പുറത്തിറക്കുന്ന ശിശുദിനസ്റ്റാമ്പ് 2021നായി ചിത്രങ്ങൾ ക്ഷണിച്ചു.

'ഇന്ത്യൻ കർഷകൻഒരു നേർക്കാഴ്ച' എന്ന ആശയത്തിൽ നാലു മുതൽ പ്ലസ്ടുവരെ ക്ലാസ്സുകളിൽ (9 മുതൽ 17 വയസ്സുവരെ) പഠിക്കുന്ന വിദ്യാർഥികൾക്ക് മത്സരത്തിൽ പങ്കെടുക്കാം. ചിത്രങ്ങൾക്ക് ജലഛായം, പോസ്റ്റർ കളർ, ക്രയോൺസ്, ഓയിൽ പെയിന്റ് എന്നിവയിൽ ഒന്ന് ഉപയോഗിക്കാം. 15 ꞉ 12 സെന്റീമീറ്റർ അനുപാതത്തിലായിരിക്കണം ചിത്രരചന നടത്തേണ്ടത്.

സ്റ്റാമ്പിന്റെ വലിപ്പമായ 5 ꞉ 4 സെന്റീമീറ്ററിലേക്ക് ചിത്രം ചെറുതാക്കേണ്ടതിനാൽ വിശദാംശങ്ങൾ അസ്പഷ്ടമാകാത്തവിധമുള്ള പശ്ചാത്തലവും നിറങ്ങളും രചനാ സാമഗ്രികളും കൊണ്ട് ചിത്രരചന നിർവഹിക്കുന്നതായിരിക്കും ഉചിതം.

തെരഞ്ഞെടുക്കപ്പെടുന്ന ചിത്രം വരയ്ക്കുന്ന വിദ്യാർഥിക്ക് പ്രശസ്തി ഫലകവും ക്യാഷ് അവാർഡും പഠിക്കുന്ന വിദ്യാലയത്തിന് റോളിംഗ് ട്രോഫിയും നൽകി ശിശുദിന സ്റ്റാമ്പ് പ്രകാശന ചടങ്ങിൽ ആദരിക്കും.

ചിത്രം വരയ്ക്കുന്ന വിദ്യാർഥിയുടെ പേര്, ക്ലാസ്സ്, വയസ്സ്, സ്കൂളിന്റെയും വിദ്യാർഥിയുടെ വീടിന്റേയും ഫോൺ നമ്പരോടുകൂടിയ മേൽവിലാസം എന്നിവ ചിത്രത്തിന്റെ പിറകുവശത്ത് എഴുതി പ്രിൻസിപ്പൽ/ ഹെഡ്മാസ്റ്റർ/ ഹെഡ്മിസ്ട്രസ്സ് മുദ്ര പതിപ്പിച്ച് സാക്ഷ്യപ്പെടുത്തിയിരിക്കണം.

ചിത്രരചനകൾ ജനറൽ സെക്രട്ടറി, കേരള സംസ്ഥാന ശിശുക്ഷേമ സമിതി, തൈക്കാട്, തിരുവനന്തപുരം14 എന്ന വിലാസത്തിൽ തപാൽ മാർഗ്ഗമോ നേരിട്ടോ നവംബർ 3 വരെ നൽകാം. കവറിനു പുറത്ത് 'ഇന്ത്യൻ കർഷകൻഒരു നേർക്കാഴ്ച' എന്ന് എഴുതിയിരിക്കണം.

## ഡെപ്യൂട്ടേഷൻ നിയമനം

ഭിന്നശേഷിക്കാർക്കായുള്ള സംസ്ഥാന കമ്മീഷണറേറ്റിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്, ക്ലാർക്ക് തസ്തികകളിൽ അന്യത്ര സേവന വ്യവസ്ഥയിൽ നിയമിക്കുന്നു. 2790063700 ആണ് സി.എയുടെ ശമ്പളസ്കെയിൽ. 2650060700 ആണ് ക്ലാർക്ക് തസ്തികയിലെ ശമ്പള സ്കെയിൽ. സംസ്ഥാന സർക്കാർ സർവ്വീസിൽ സമാന തസ്തികകളിൽ ജോലി ചെയ്യുന്നവർ നിരാക്ഷേപ സാക്ഷ്യപത്രവും ഗടഞ ജമൃ േകഞൗഹല 144 പ്രകാരമുള്ള പ്രൊഫോമ വിശദാംശങ്ങളും സഹിതം വകുപ്പ് മേധാവി മുഖേന അപേക്ഷിക്കണം. അപേക്ഷകൾ ഒക്ടോബർ 30 വൈകുന്നേരം അഞ്ച് മണിക്ക് മുൻപ് കമ്മീഷണർ, ഭിന്നശേഷിക്കാർക്കായുള്ള സംസ്ഥാന കമ്മീഷണറേറ്റ്, ആഞ്ജനേയ, റ്റി.സി 9/1023(1), ഗ്രൗണ്ട് ഫ്ളോർ, ശാസ്തമംഗലം, തിരുവനന്തപുരം 695010 എന്ന വിലാസത്തിൽ ലഭിക്കണം. ഫോൺ: 04712720977.

# ന്യൂമോകോക്കൽ കോൺജുഗേറ്റ് വാക്സിൻ വിതരണം തുടങ്ങി

കോവിഡ് മഹാമാരിയുടെ സാഹചര്യത്തിൽ ഗുരുതര രോഗങ്ങൾക്കെതിരെ കുട്ടികൾക്ക് കവചമാകുന്ന ന്യൂമോകോക്കൽ കോൺജുഗേറ്റ് വാക്സിൻ (പി.സി.വി) വിതരണം തുടങ്ങി. ന്യൂമോണിയ, മെനിൻജൈറ്റിസ് രോഗങ്ങളെ പ്രതിരോധിക്കാൻ ശേഷിയുള്ള കുത്തിവയ്പ്പാണിത്. സർക്കാർ ആശുപത്രികളിലും പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലും വാക്സിൻ ലഭിക്കും. കുഞ്ഞുങ്ങൾക്ക് ഒന്നര മാസത്തെ ആദ്യ ഡോസിനു ശേഷം, മൂന്നര മാസത്തിലും ഒൻപതാം മാസത്തിലുമാണ് നൽകേണ്ടത്. നഗരസഭാ പരിധിയിലെ ആരോഗ്യ കേന്ദ്രങ്ങളിലും വാക്സിൻ ലഭ്യമാക്കി. ബുധനാഴ്ചകളിൽ എല്ലാ പി.എച്ച്.സികളിലും ലഭിക്കും. തിങ്കൾ, ബുധൻ, ശനി ദിവസങ്ങളിൽ വിക്ടോറിയ ഉൾപ്പടെ പ്രധാനപ്പെട്ട താലൂക്ക് ആശുപത്രികളിലും കുത്തിവയ്പ്പിന് സൗകര്യമുണ്ട്.

ജില്ലാതല ഉദ്ഘാടനം സർക്കാർ വിക്ടോറിയ ആശുപത്രിയിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് സാം കെ. ഡാനിയൽ നിർവഹിച്ചു. ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. ആർ. ശ്രീലത അധ്യക്ഷയായി. ഉദ്ഘാടനത്തോടനുബന്ധിച്ച് കുഞ്ഞുങ്ങൾക്ക് വാക്സിനേഷൻ നൽകി.

സൂപ്രണ്ട് ഡോ. കൃഷ്ണവേണി, ആർ.എം.ഒ ഡോ. അനു ജെ. പ്രകാശ്, ആർ.സി. എച്ച്. ഓഫീസർ ഡോ. എം. എസ്. അനു, ശിശുരോഗ വിദഗ്ധരായ ഡോ. ജയ, ഡോ. ശ്രീകുമാരി, ഡോ. ജ്യോതി ഇഗ്നേഷ്യസ്, ഡോ. മനോജ് മണി തുടങ്ങിയവർ പങ്കെടുത്തു.

# സ്ക്വാഡ് പരിശോധന : ഏഴ് കേസുകൾക്ക് പിഴ

കോവിഡ് മാനദണ്ഡ ലംഘനങ്ങൾ കണ്ടെത്തുന്നതിനായി നടത്തുന്ന താലൂക്കുതല സ്ക്വാഡ് പരിശോധനയിൽ ഏഴ് കേസുകൾക്ക് പിഴ ചുമത്തി.

ചടയമംഗലം,കരീപ്ര,ഇട്ടിവ,കടയ്ക്കൽ,കൊട്ടാരക്കര,കുളക്കട,കുമ്മിൾ,നിലമേൽ, വെളിനല്ലൂർ എന്നിവിടങ്ങളിൽ അഞ്ച് കേസുകളിൽ പിഴ ഈടാക്കി. 104 കേസുകൾക്ക് താക്കീത് നൽകി.

കുന്നത്തൂരിലെ ശൂരനാട് തെക്ക്, ശാസ്താംകോട്ട മേഖലകളിൽ ഒരു കേസിന് പിഴ ഈടാക്കി. 23 കേസുകൾക്ക് താക്കീതും നൽകി.

കരുനാഗപ്പള്ളി, ആലപ്പാട്, ചവറ, ക്ലാപ്പന, കെ. എസ്. പുരം, നീണ്ടകര, ഓച്ചിറ, പ ന, തഴവ, തേവലക്കര, തൊടിയൂർ, തെക്കുംഭാഗം എന്നിവിടങ്ങളിൽ 12 കേസുകളിൽ താക്കീത് നൽകി.

കൊല്ലത്ത് പൂതക്കുളം മേഖലയിൽ 12 കേസുകളിൽ താക്കീത് നൽകി.

പത്തനാപുരം താലൂക്കിലെ കുന്നിക്കോട്, ആവണീശ്വരം, നെടുവന്നൂർ എന്നിവിടങ്ങളിൽ ഒൻപത് കേസുകൾക്ക് താക്കീത് നൽകി.

പുനലൂർ, വാളക്കോട് പ്രദേശങ്ങളിൽ നടന്ന പരിശോധനയിൽ എട്ട് കേസുകളിൽ താക്കീത് നൽകി.

# ഭാഷാ കോഴ്സുകളിൽ പ്രവേശനം

20212023 അധ്യയന വർഷത്തെ ഡിപ്ലോമ ഇൻ എലമെന്ററി എഡ്യൂക്കേഷൻ (ഡി.എൽ.എഡ്) ഹിന്ദി, അറബിക്, ഉറുദു, സംസ്കൃതം ഭാഷാ കോഴ്സുകളിൽ പൊതു ക്വാട്ട, സ്വാശ്രയം, ഡിപ്പാർട്ട്മെന്റ് ക്വാട്ട മുഖേനയുള്ള പ്രവേശനത്തിന് പൊതുവിദ്യാഭ്യാസ ഡയറക്ടർ അപേക്ഷ ക്ഷണിച്ചു. അപേക്ഷാ ഫോമിന്റെ മാതൃകയും വിശദവിവരങ്ങളും ००० .ലdu-c-a-tion.k-er-a-l-a.gov.in ൽ ലഭ്യമാണ്. അപേക്ഷകൾ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിൽ 20ന് വൈകുന്നേരം 5 മണിക്കകം ലഭിക്കണം.

# ചക്കയുടെയും പാഷൻ ഫ്രൂട്ടിന്റേയും മൂല്യവർധിത ഉത്പന്നങ്ങൾ കയറ്റുമതി തുടങ്ങി

അഗ്രികൾച്ചറൽ ആൻഡ് പ്രോസസ്ഡ് ഫുഡ് പ്രൊഡക്ട്സ് എക്സ്പോർട്ട് ഡെവലപ്മെന്റ് അതോറിറ്റി (അജഋഉഅ) ചക്ക, പാഷൻ ഫ്രൂട്ട് തുടങ്ങിയവയുടെ 15 മൂല്യവർധിത ഉത്പന്നങ്ങളുടെ കയറ്റുമതിക്ക് തുടക്കമിട്ടു.

അപേഡ ചെയർമാൻ ഡോ. എം. അംഗമുത്തു, കൃഷി വകുപ്പ് ഡയറക്ടർ ടി വി സുഭാഷ്, മറ്റ് ഉദ്യോഗസ്ഥർ എന്നിവർ കയറ്റുമതി ഫ്ളാഗ് ഓഫ് ചെയ്യുന്ന ചടങ്ങിൽ സംബന്ധിച്ചു. സിംഗപ്പൂർ, നേപ്പാൾ, ഖത്തർ, ജർമനി തുടങ്ങിയ രാജ്യങ്ങളിലേക്കാണ് ചക്ക ഉത്പന്നങ്ങൾ കയറ്റുമതി ചെയ്യുന്നത്. ഓസ്ട്രേലിയയിലേക്കാണ് പാഷൻ ഫ്രൂട്ട് ഉത്പന്നങ്ങൾ കയറ്റി അയയ്ക്കുന്നത്.

ഒരു വർഷത്തെ ഷെൽഫ് ലൈഫ് ഉള്ള ചക്ക, പാഷൻ ഫ്രൂട്ട്, ജാതിക്ക എന്നിവയുടെ ഒരു മെട്രിക് ടണുള്ള മൂല്യവർധിത ഉത്പന്നങ്ങളാണ് തൃശ്ശൂരിൽ നിന്ന് ഓസ്ട്രേലിയയിലെ മെൽബണിലേക്ക് കയറ്റുമതി ചെയ്യുന്നതിനായി സംഭരിച്ചത്. ചക്ക സ്ക്വാഷ്, ചക്ക പൗഡർ, ഉണങ്ങിയ ചക്ക, ചക്ക പുട്ട്പൊടി, ചക്ക ചപ്പാത്തി പൗഡർ, ചക്കദോസ / ഇഡ്ഡലി പൊടി, ചക്ക ഉപ്പ്മ പൗഡർ, ചക്ക അച്ചാർ, ചക്ക ചിപ്സ്, ചക്കവരട്ടി, ചക്ക ഫ്രൂട്ട് പൾപ്പ്, പാഷൻ ഫ്രൂട്ട് സ്ക്വാഷ്, ജാതിക്ക സ്ക്വാഷ്, ജാതിക്ക മിഠായി, ജാതിക്ക അച്ചാർ എന്നിവയാണ് കയറ്റുമതി ചെയ്യുന്ന പ്രധാന ഉത്പന്നങ്ങൾ.

# വ്യവസായവാണിജ്യ ഡയറക്ടറേറ്റ് വാണിജ്യ സപ്താഹ് ആഘോഷിച്ചു

75ാമത്സ്വാതന്ത്ര്യ ദിനാഘോഷ പരിപാടിയായ ആസാദി കാ അമൃത് മഹോത്സവത്തിന്റെ ഭാഗമായി വ്യവസായവാണിജ്യ ഡയറക്ടറേറ്റിന്റ കീഴിൽ എല്ലാ ജില്ലകളിലെയും ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ(ഡി.ഐ.സി) 'വാണിജ്യ സപ്താഹ്' സംഘടിപ്പിച്ചു. സംസ്ഥാനത്തെ എല്ലാ ജില്ലകളെയും കയറ്റുമതി കേന്ദ്രങ്ങളാക്കി മാറ്റുകയെന്ന ലക്ഷ്യത്തോടെയാണ് സെമിനാർ നടത്തിയത്.

കയറ്റുമതി നടപടിക്രമങ്ങളും അവയുടെ പ്രോത്സാഹനങ്ങളും എന്ന വിഷയത്തിൽ തിരുവനന്തപുരം ഡി.ഐ.സിയിൽ സംഘടിപ്പിച്ച ഓൺലൈൻ സെമിനാർ കൊച്ചി ഫോറിൻ ട്രേഡ് ഡയറക്ടർ ജനറലിലെ ജോയിന്റ് ഡയറക്ടർ കെ.എം ഹരിലാൽ ഉദ്ഘാടനം ചെയ്തു. കൊച്ചി ഫോറിൻ ട്രേഡ് കൺസൾട്ടന്റ് എൻ.എൻ. മേനോൻ ക്ലാസുകൾ നയിച്ചു. എല്ലാ ജില്ലകളിലും ഇത്തരത്തിൽ സെമിനാർ നടന്നു.

വ്യവസായ വകുപ്പുമായി ബന്ധപ്പെട്ട് വിവിധ വിഷയങ്ങളിൽ സംഘടിപ്പിച്ച സെമിനാർ വ്യവസായികൾക്കും സംരംഭകർക്കും ഒരുപോലെ ഉപകാരപ്രദമായി. സംസ്ഥാനത്തെ എല്ലാ ജില്ലകളെയും കയറ്റുമതികേന്ദ്രങ്ങളാക്കി മാറ്റുകയെന്ന ലക്ഷ്യത്തോടെയാണ് സെമിനാർ സംഘടിപ്പിച്ചത്.

# സ്പെഷ്യാലിറ്റി നഴ്സിംഗ് കോഴ്സ് പ്രവേശനം

തിരുവനന്തപുരം, കോട്ടയം, കണ്ണൂർ ഗവൺമെന്റ് നഴ്സിംഗ് കോളേജുകളിൽ നടത്തുന്ന ക്രിട്ടിക്കൽ കെയർ നഴ്സിംഗ്, എമർജൻസി & ഡിസാസ്റ്റർ നഴ്സിംഗ്, ഓങ്കോളജി നഴ്സിംഗ്, ന്യൂറോ സയൻസ് നഴ്സിംഗ്, കാർഡിയോ തൊറാസിക്ക് നഴ്സിംഗ്, നിയോനേറ്റൽ നഴ്സിംഗ്, നഴ്സസ് & മിഡ്വൈഫറി പ്രാക്റ്റീഷണർ എന്നീ പോസ്റ്റ് ബേസിക് ഡിപ്ലോമ നഴ്സിംഗ് കോഴ്സുകൾക്ക് പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചു. പ്രോസ്പെക്ടസ്സ് ०००.ഹയരെലദ്യൈല.സല്യമഹമ.ഴീ.ശി ൽ ലഭിക്കും. വെബ് സൈറ്റ് വഴി ഓൺലൈനായി നവംബർ ആറ് വരെ അപേക്ഷിക്കാം. കൂടുതൽ വിവരങ്ങൾക്ക് 04712560363, 364 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക.

# കുളമ്പുരോഗ പ്രതിരോധ കുത്തിവെപ്പ് രണ്ടാംഘട്ടത്തിന് ജില്ലയിൽ തുടക്കം

കുളമ്പുരോഗ പ്രതിരോധ കുത്തിവയ്പ്പ് രണ്ടാംഘട്ടത്തിന് ജില്ലയിൽ തുടക്കമായി. രോഗം പൂർണമായും നിർമാർജനം ചെയ്യുന്നത് ലക്ഷ്യമാക്കിയാണ് പരിപാടി. ദേശീയ ജന്തുരോഗ നിയന്ത്രണ പദ്ധതിയുടെ ഭാഗമായ കുത്തിവയ്പ്പ് നവംബർ മൂന്ന് വരെ തുടരും. പഞ്ചായത്ത് തലത്തിൽ ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർമാരും ഹെൽപ്പർമാരും അടങ്ങുന്ന സ്ക്വാഡ് വീടുകളിലെത്തി നിർവഹിക്കും. പശുക്കളെ ഇയർ ടാഗ് ചെയ്ത് ഹെൽത്ത് കാർഡും നൽകും.

ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് സാം കെ. ഡാനിയൽ ജില്ലാ വെറ്ററിനറി കേന്ദ്രത്തിൽ ജില്ലാതല ഉദ്ഘാടനം നിർവഹിച്ചു. കോർപ്പറേഷൻ കൗൺസിലർ ശൈലജ, ജില്ലാ മൃഗസംരക്ഷണ ഓഫീസർ ഡോ. സുജ ടി. നായർ, അനിമൽ ഡിസീസ് കൺട്രോൾ പ്രോജക്ട് ജില്ലാ കോഡിനേറ്റർ ഡോ. ബിന്ദു ഡി.എസ് തുടങ്ങിയവർ പങ്കെടുത്തു.

# ലക്ചറർ ഇൻ ഇലക്ട്രോണിക്സ് എൻജിനിയറിങ്

നെയ്യാറ്റിൻകര സർക്കാർ പോളിടെക്നിക് കോളേജിൽ ലക്ചറർ ഇൻ ഇലക്ട്രോണിക്സ് എൻജിനിയറിങ് തസ്തികയിൽ താത്കാലിക നിയമനം നടത്തും. ബന്ധപ്പെട്ട ട്രേഡിലുള്ള ഫസ്റ്റ് ക്ലാസ് എൻജിനിയറിങ് ബിരുദം ആണ് യോഗ്യത. താത്പര്യമുള്ള ഉദ്യോഗാർത്ഥികൾ യോഗ്യത തെളിയിക്കുന്ന അസൽ സർട്ടിഫിക്കറ്റുകൾ സഹിതം 11ന് രാവിലെ 10.30ന് പ്രിൻസിപ്പലിന്റെ ഓഫീസിൽ നേരിട്ട് എത്തണം.

# അവശർക്ക് സഹായം നൽകാൻ സർക്കാർ പ്രതിജ്ഞാബദ്ധം: മന്ത്രി വി.എൻ. വാസവൻ

ചുമട്ട് തൊഴിലാളികൾക്കുള്ള പരസ്പര ജാമ്യ വായ്പ ഉദ്ഘാടനം ചെയ്തു

കോവിഡ് മഹാമാരിക്കാലത്ത് അവശത അനുഭവിക്കുന്ന ജനവിഭാഗങ്ങൾക്ക് അവശ്യം വേണ്ട സഹായങ്ങൾ നൽകുന്നതിന് കേരള സർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് നേരത്തെ പ്രഖ്യാപിച്ചിരുന്നു. ഇതിന്റെ ഭാഗമായി എല്ലാ മേഖലകളിലും സഹായം എത്തിക്കാൻ കഴിഞ്ഞുവെന്ന് സഹകരണ രജിസ്ട്രേഷൻ മന്ത്രി വി.എൻ. വാസവൻ പറഞ്ഞു. ചുമട്ടു തൊഴിലാളി ക്ഷേമ നിധി ബോർഡ് അംഗങ്ങൾക്ക് കേരള ബാങ്ക് നൽകുന്ന പരസ്പര ജാമ്യ വായ്പയുടെ സംസ്ഥാന തല ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു മന്ത്രി.

കേരള ചുമട്ട് തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ കീഴിൽ വിവിധ മേഖലകളിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്കുള്ള വായ്പാ സഹായം സർക്കാർ നിർദ്ദേശ പ്രകാരം കേരള ബാങ്കാണ് ആസൂത്രണം ചെയ്തത്. പദ്ധതി സംസ്ഥാന വ്യാപകമായാണ് നടപ്പിലാക്കുന്നത്. ക്ഷേമനിധി അംഗങ്ങളായ ചുമട്ടു തൊഴിലാളികൾക്ക് കേരള ബാങ്കിന്റെ ശാഖകളിൽ നിന്ന് വായ്പ ലഭ്യമാക്കും. കേരള ബാങ്ക് കൊല്ലം മിനി ഓഡിറ്റോറിയത്തിൽ ചേർന്ന ചടങ്ങ് മന്ത്രി ഓൺലൈനിലാണ് ഉദ്ഘാടനം ചെയ്തത്.

കേരള ബാങ്ക് പ്രസിഡന്റ് ഗോപി കോട്ടമുറിക്കൽ അദ്ധ്യക്ഷനായ ചടങ്ങിൽ വായ്പാ പദ്ധതിയെ കുറിച്ച് ബാങ്ക് സിഇഒ പി.എസ്. രാജൻ വിശദീകരിച്ചു. ഡയറക്ടർ ഹരിശങ്കർ, ബാങ്ക് ചീഫ് ജനറൽ മാനേജർ കെ.സി. സഹദേവൻ എന്നിവർ ആശംസ പറഞ്ഞു. ഡയറക്ടർ ജി.ലാലു സ്വാഗതവും കേരള ബാങ്ക് കൊല്ലം സിപിസി ഡെപ്യൂട്ടി ജനറൽ മാനേജർ ആർ. രവി നന്ദിയും പറഞ്ഞു.

# നിലം നികത്തി നടത്തുന്ന നിർമ്മാണ പ്രവർത്തികൾക്കെല്ലാം മുൻകൂർ അനുമതി വാങ്ങണം: മന്ത്രി പി. പ്രസാദ്

2008ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിന്റെ പരിധിയിൽ ഉൾപ്പെടുന്ന ഭൂമിയിൽ നിർമാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കിയതിനു ശേഷമാണ് പലപ്പോഴും ബന്ധപ്പെട്ട കമ്മിറ്റികൾക്കും അധികാരികൾക്കും പരിവർത്തനാനുമതിക്കുള്ള അപേക്ഷ നൽകുന്നതെന്നും ഇത് ഒഴിവാക്കണമെന്നും കൃഷി മന്ത്രി പി. പ്രസാദ് പറഞ്ഞു. അത്തരത്തിലുള്ള അനധികൃതവും നിയമവിരുദ്ധമായ പരിവർത്തനങ്ങൾ ആരംഭത്തിൽ തന്നെ തടയുന്നതിനും ഭൂമിയുടെ തരം അതേ നിലയിൽ സംരക്ഷിക്കുന്നതിനും പ്രത്യേകം ശ്രദ്ധ ചെലുത്തുമെന്നും വീഴ്ചവരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ വകുപ്പ് (23) പ്രകാരമുള്ള നടപടികളും, അച്ചടക്ക നടപടികളും സ്വീകരിക്കുമെന്നും മന്ത്രി വ്യക്തമാക്കി.

നിയമത്തിന്റെ അന്തസത്ത ഉൾക്കൊണ്ടും വ്യവസ്ഥകൾ പാലിച്ചും പാരിസ്ഥിതിക പ്രാധാന്യമുള്ള നെൽവയലുകളും തണ്ണീർതടങ്ങളും സംരക്ഷിക്കേണ്ടത് പൊതുസമൂഹത്തിന്റെയും, സർക്കാരിന്റെയും കർത്തവ്യമായതിനാൽ വ്യക്തമായ പരിശോധനയ്ക്കു ശേഷം മാത്രമേ പരിവർത്തനാനുമതി നൽകാൻ സാധിക്കുകയുള്ളൂ. പിറവം നിയോജകമണ്ഡലത്തിൽ രാമമംഗലം മണീട് പഞ്ചായത്തുകളെ ബന്ധിപ്പിച്ചുകൊണ്ട് കിഴുമുറികടവ് പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണത്തിന് വേണ്ടി ഭൂമി രൂപാന്തരപ്പെടുത്തുന്നത് സംബന്ധിച്ച് അനൂപ് ജേക്കബ് എം.എൽ.എ. അവതരിപ്പിച്ച സബ്മിഷന് മറുപടി നൽകുകയായിരുന്നു മന്ത്രി.

# മുഖ്യമന്ത്രി അനുശോചിച്ചു

സംഗീതജ്ഞനും ഗായകനും ശാസ്ത്രസാഹിത്യ പരിഷത്ത് പ്രവർത്തകനുമായ വി.കെ. ശശിധരന്റെ നിര്യാണത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ അനുശോചിച്ചു. ജനകീയ സംഗീതത്തിന്റെ പ്രയോക്താവായിരുന്നു വി.കെ. ശശിധരൻ. കേരള ശാസ്ത്രസാഹിത്യ പരിഷത്തിന്റെയും ബാലസംഘത്തിന്റെയും കുട്ടികൾക്ക് ലളിതമായി സംഗീതത്തിന്റെ പാഠം അദ്ദേഹം പകർന്നു നൽകി. സാമൂഹിക മൂല്യം ഉൾക്കൊള്ളുന്നതും ജീവിതഗന്ധിയുമായ പാട്ടുകൾ തിരഞ്ഞെടുത്ത് സംഗീതം നൽകി അവതരിപ്പിച്ച വി.കെ.എസ്. ഇടശ്ശേരിയുടെ പൂതപ്പാട്ട് അടക്കമുള്ള നിരവധി കവിതകൾ കൂടുതൽ ജനകീയമാക്കുന്നതിലും വലിയ പങ്കാണ് വഹിച്ചത്. ശാസ്ത്രതത്വങ്ങളും സാമൂഹിക മൂല്യങ്ങളും കൂടുതൽ പ്രചരിപ്പിക്കപ്പെടേണ്ട ഈ കാലത്ത് വി.കെ.എസ്സിനെ പോലുള്ള അർപ്പിതമനസ്കനായ സംഗീത കലാകാരന്റെ വിയോഗം കേരളത്തിന് പൊതുവിൽ നികത്താനാകാത്ത നഷ്ടമാണെന്ന് മുഖ്യമന്ത്രി പറഞ്ഞു.

ജനകീയ ഗായകനും സംഗീത സംവിധായകനുമായ വി. കെ. ശശിധരന്റെ നിര്യാണത്തിൽ സ്പീക്കർ എം. ബി. രാജേഷ് അനുശോചിച്ചു. ശാസ്ത്ര പ്രചാരണത്തിനും മറ്റ് ബോധവത്കരണ പരിപാടികൾക്കും സംഗീതം ഏറ്റവും മികച്ച രീതിയിൽ പ്രയോഗിച്ച കലാകാരനാണ് അദ്ദേഹം. ശാസ്ത്ര സാഹിത്യ പരിഷത്തിന്റെ സന്ദേശങ്ങൾ മലയാളികളുടെ മനസ്സിൽ പതിയുന്നതിൽ അദ്ദേഹത്തിന്റ സംഗീതം വലിയ പങ്കു വഹിച്ചിട്ടുണ്ട്. ബെർതോൾഡ് ബ്രെഹ്ത് മുതൽ മലയാളത്തിലെ പ്രമുഖരുടെ കവിതകൾ വരെ അദ്ദേഹത്തിന്റെ സംഗീതത്തിലൂടെ മലയാളികളുടെ ബോധമണ്ഡലത്തിൽ പതിഞ്ഞിട്ടുണ്ട്.

ശാസ്ത്ര സാഹിത്യ പരിഷത്തിന്റെ കലാജാഥകൾക്ക് ഏറെക്കാലം അദ്ദേഹം സംഗീത സംവിധാനം നിർവഹിച്ചു. ഇടശ്ശേരിയുടെ 'പൂതപ്പാട്ട്' അദ്ദേഹത്തിന്റെ മനോഹരമായ സംഗീതാവിഷ്കാരത്തിലൂടെയും ശബ്ദത്തിലൂടെയുമാണ് കേരളത്തിൽ ഇത്രയേറെ പ്രചാരം നേടിയത്. കവിതയുടെ അന്തരാത്മാവിനെ തിരയുന്നതായിരുന്നു അദ്ദേഹത്തിന്റെ സംഗീതപ്രയോഗം. ബന്ധുക്കളുടെയും കലാ ആസ്വാദകരുടെയും ദുഃഖത്തിൽ പങ്കു ചേർന്നതായി സ്പീക്കർ അറിയിച്ചു.

പ്രശസ്ത കാർട്ടൂണിസ്റ്റ് സി.ജെ യേശുദാസന്റെ നിര്യാണത്തിൽ സ്പീക്കർ എം ബി രാജേഷ് അനുശോചിച്ചു. രാഷ്ട്രീയ, സാമൂഹിക പ്രസക്തിയുള്ള വിഷയങ്ങൾക്ക് കാർട്ടൂൺ വരച്ച് മലയാളികളെ ചിരിപ്പിക്കുകയും, ചിന്തിപ്പിക്കുകയും ചെയ്ത വ്യക്തിയാണ് അദ്ദേഹം. രാഷ്ട്രീയ കാർട്ടൂണുകളുടെ കുലപതിയാണ് യേശുദാസനെന്നും സ്പീക്കർ അനുസ്മരിച്ചു. പ്രമുഖമായ ഒട്ടേറെ മാധ്യമങ്ങളിൽ പ്രവർത്തിച്ചിട്ടുള്ള അദ്ദേഹത്തിന്റെ നിര്യാണം കേരള കാർട്ടൂൺരംഗത്തിന് കനത്ത നഷ്ടമാണെന്നും അനുശോചന കുറിപ്പിൽ സ്പീക്കർ അറിയിച്ചു.

യേശുദാസന്റെ നിര്യാണത്തിലൂടെ കാർട്ടൂൺ മേഖലയിലെ അതുല്യ പ്രതിഭയെയാണ് നഷ്ടപ്പെട്ടതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ അനുശോചന സന്ദേശത്തിൽ പറഞ്ഞു. വരകളിലൂടെ ഒരു കാലഘട്ടത്തിലെ രാഷ്ട്രീയ സംഭവവികാസങ്ങളെ പ്രതിഫലിപ്പിക്കുക മാത്രമല്ല നിർഭയം അഭിപ്രായങ്ങൾ രേഖപ്പെടുത്തുക കൂടിയാണ് യേശുദാസൻ ചെയ്തത്. സമഗ്ര സംഭാവനയ്ക്കുള്ള കേരളത്തിലെ ഏറ്റവും വലിയ മാധ്യമ പുരസ്കാരം അദ്ദേഹത്തെ തേടിയെത്തിയത് സാമൂഹ്യ പ്രതിബദ്ധതയുള്ള സമ്പൂർണ്ണ മാധ്യമപ്രവർത്തകനാണ് അദ്ദേഹം എന്നതിനുള്ള അംഗീകാരവും തെളിവുമാണ്. യേശുദാസന്റെ വരകളിലൂടെ കണ്ണോടിക്കുന്നവർക്ക് കേരള രാഷ്ട്രീയ ചരിത്രം വായിച്ചെടുക്കാനാകും. നർമ്മബോധത്തിലും അത് വരകളിലേക്ക് പകർത്തുന്നതിലും അസാധാരണമായ പ്രതിഭാസാന്നിധ്യമായിരുന്നു യേശുദാസൻ എന്നും മുഖ്യമന്ത്രി അനുശോചന സന്ദേശത്തിൽ പറഞ്ഞു.

# കോവിഡ് പ്രതിരോധം ഊർജിതമാക്കി തദ്ദേശസ്ഥാപനങ്ങൾ

സ്കൂളുകൾ തുറക്കുന്നതിനു മുന്നോടിയായി കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ ഊർജിതമാക്കി ജില്ലയിലെ തദ്ദേശസ്ഥാപനങ്ങൾ. കുമ്മിൾ ഗ്രാമപഞ്ചായത്തിന്റെ നേതൃത്വത്തിൽ വാക്സിനേഷൻ ക്യാമ്പുകൾ നടത്തിവരുന്നുണ്ട്. 97 ശതമാനംപൂർത്തീകരിച്ചതായിപ്രസിഡന്റ് കെ. മധു പറഞ്ഞു.

കുന്നത്തൂർ ഗ്രാമപഞ്ചായത്തിൽ സ്കൂളുകൾ തുറക്കുന്നതിനോടനുബന്ധിച്ചു ഡി. സി. സികൾ പ്രവർത്തിച്ചിരുന്ന സ്കൂൾ പരിസരം വൃത്തിയാക്കി. കിണറുകൾ ശുദ്ധീകരിച്ചു. ആദ്യ ഡോസ് വാക്സിനേഷൻ നൂറു ശതമാനത്തോളം പൂർത്തിയായതായി പഞ്ചായത്ത് പ്രസിഡന്റ് വത്സലകുമാരി പറഞ്ഞു.

പേരയം ഗ്രാമപഞ്ചായത്തിലെ വാക്സിനേഷൻ 90 ശതമാനം പൂർത്തിയായതായി പഞ്ചായത്ത് പ്രസിഡന്റ് അനീഷ് പടപ്പക്കര പറഞ്ഞു.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.